കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## കാരാകുറിശ്ശി ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ-പികെഡി 12-564/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്
തീയതി:24.06.2019.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കാരാകുറിശ്ശി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാരാകുറിശ്ശി ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള

പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:1)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി 12-564/2019 തിയ്യതി: 24.06.2019

<u>പാലക്കാട് ജില്ലയിലെ കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2017-18</u>

# സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.7.2017 മുതൽ 12.2.2019 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണ ത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | മേരി ഹണി ജോസഫ്,<br>ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13-02-2019 മുതൽ 21-02-2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീമതി.ബിന്ദു.പി.ജി | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.രമാദേവി.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ശിവപ്രസാദ്.എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.മുഹമ്മദ് ഹിഷാം.എം | ഓഡിറ്റർ (13.02.2019 – വരെ) |
| ശ്രീമതി.ലിക്സി അലക്സ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | അഡ്വക്കേറ്റ് മജീദ്.കെ | 1-4-2017 മുതൽ 31-3-2018 വരെ |
| സെക്രട്ടറി | ശ്രീ.എം.സി.കുഞ്ഞഹമ്മദ്കുട്ടി (അധിക ചുമതല) | 01-04-2017 മുതൽ 04 -05-2017 വരെ |
| | ശ്രീ.അബ്ദുസ്സലാം.ടി | 05-05-2017 മുതൽ 05-06-2017 വരെ |
| | ശ്രീ.മുഹമ്മദ്ഷാഫി.കെ | 06-06-2017 മുതൽ 31-03-2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | ശ്രീ.എം.സി.കുഞ്ഞഹമ്മദ്കുട്ടി | 01-04-2017 മുതൽ 09-07-2017 വരെ |
| | തസ്തിക ഒഴിവ് | 10-07-2017 മുതൽ 31-07-2017 വരെ |
| | ശ്രീമതി. സുപ്രിയ. എ | 01-08-2017 മുതൽ 31-03-2018 വരെ |
| കൃഷി ഓഫീസർ | ശ്രീ.മോഹനരാജ്.ആർ | 01-04-2017 മുതൽ |

| | | |
|---|---|---|
| | | 01-08-2017 വരെ |
| | ശ്രീ.വാസുദേവൻ.കെ | 02-08-2017 മുതൽ 13-10-2017 വരെ |
| | ശ്രീമതി.ജീഷ്മാഷാജി | 14-10-2017 മുതൽ 30-10-2017 FN വരെ |
| | ശ്രീമതി.സുനിത.പി | 30-10-2017 AN മുതൽ 31-03-2018 വരെ |
| വി.ഇ.ഒ | ശ്രീ. യാസർ അരാഫത്ത് | 1-04-2017 മുതൽ 31-03-2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. കദീജ.എം.എസ് | 1-04-2017 മുതൽ 31-03-2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ശ്രീഷ്മ.എ.പി | 1-04-2017 മുതൽ 28-06-2017 FN |
| | ശ്രീമതി.സീമ.കെ.എസ് | 28-06-2017 AN മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ.ഹണി റോസ് തോമസ് | 01-04-2017 മുതൽ 06-12-2017 വരെ |
| | ഡോ. കെ.എം.ഉമ്മർ | 07-12-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.കെ.ശോഭ | 1-04-2017 മുതൽ 31-03-2018 വരെ |

| | | |
|---|---|---|
| വെറ്ററിനറി സർജ്ജൻ | ഡോ.പി.ആർ.ജയകുമാർ | 01-04-2017 മുതൽ 31-03-2018 വരെ |
| ഡയറിഫാം ഇൻസ്റ്റക്ടർ | ശ്രീ.അനിഷ്നാരായണൻ | 01-04-2017 മുതൽ 31-03-2018 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.സിദ്ദി.പി.കെ, ജി.എൽ.പി.സ്കൂൾ, പുല്ലുവായിൽകുന്ന് | 1-04-2017 മുതൽ 01-08-2017 വരെ |
| | ശ്രീ.അബ്ദുൾ റഷീദ് ജി.എൽ.പി.സ്കൂൾ, പുല്ലുവായിൽകുന്ന് | 02-08-2017 മുതൽ 31-03-2018 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

31-3-2017 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് പാസാക്കിയതിന്റെ രേഖകൾ ലഭ്യമായില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2017-18 | 31-7-2018 | 7-5-2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-18 | 04/07/2018 മുതൽ 15/07/2018 | നം.കെ.എസ്.എ-പികെഡി.21/1904(71)/2018 തിയതി:29-8-2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16697701 |
| വരവ് | 62039081 |
| ആകെ | 78736782 |
| ചെലവ് | 71570366 |
| നീക്കിയിരിപ്പ് | 7166416 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ (എ.സി.ആർ പ്രകാരം) | 0 | 12437000 | 12437000 | 8255805 | 4181195 |
| വികസനഫണ്ട് എസ്.സി.പി (എ.സി. ആർ പ്രകാരം) | 0 | 7847205 | 7847205 | 6145106 | 1702099 |
| വികസനഫണ്ട് ടി.എസ്.പി (എ.സി. | 0 | 0 | 0 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| ആർ പ്രകാരം) | | | | | |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ്(എ.സി. ആർ പ്രകാരം) | 0 | 12745000 | 12745000 | 12715976 | 29024 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് (എ.സി.ആർ പ്രകാരം) | 0 | 2748000 | 2748000 | 2629566 | 118434 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 5840743 | 5840743 | 5777989 | 62754 |
| കെ.എൽ.ജി. എസ്. ഡി.പി (എ.സി.ആർ പ്രകാരം) | 0 | 3040935 | 3040935 | 3036066 | 4869 |
| എം.എൻ.ആർ. ഇ.ജി. എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 102155 | 1157983 | 1260138 | 1246295 | 13843 |
| എം.എൻ.ആർ .ഇ.ജി. എസ്-തൊഴിലാളി കളുടെ വേതനം | 0 | 16206286 | 16206286 | 16206286 | 0 |
| കേന്ദ്രാവിഷ്കത ഫണ്ടുകൾ-ടി.എസ്.സി | 145568 | 762256 | 907824 | 907824 | 0 |
| കേന്ദ്രാവിഷ്കത ഫണ്ടുകൾ-ഐ.സി. ഡി.എസ് | 1084671 | 879944 | 1964615 | 759296 | 1205319 |
| സംസ്ഥാനാവിഷ്കത ഫണ്ടുകൾ- | 0 | 20000 | 20000 | 20000 | 0 |

| | | | | | |
|---|---|---|---|---|---|
| കേരളോത്സവം | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്-ബ്ലോക്ക് പഞ്ചായത്ത് | 0 | 342750 | 342750 | 342750 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്-ജില്ലാ പഞ്ചായത്ത് | 80000 | 465100 | 545100 | 418944 | 126156 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 8170938 | 8311000 | 16481938 | 15840581 | 641357 |
| സാക്ഷരത | 0 | 50100 | 50100 | 50100 | 0 |
| ദുരിതാശ്വാസ നിധി | 14315 | 6756 | 21071 | 10 | 21061 |
| തനത് ഫണ്ട്-KSCB | 5026897 | 4176733 | 9203630 | 6508370 | 2695260 |
| തനത് ഫണ്ട്-കനറാബാങ്ക് | 1678458 | 3768038 | 5446496 | 3251753 | 2194743 |
| ബി ഫണ്ട് | 0 | 694920 | 694920 | 694920 | 0 |
| മറ്റുള്ളവ | 349188 | 25332481 | 25681669 | 25512280 | 169389 |

## 1-6 പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാ | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടു |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| (എണ്ണം) | | | | ക്കിയത് (എണ്ണം) | | കളുടെ ശതമാനം |
| 199 | 73972368 | 158 | 41568315 | - | 41 | 79.39 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 158 എണ്ണം തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 56% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഐ.കെ.എം ചെലവുപത്രിക പ്രകാരം നിർവ്വഹണോദ്യോഗസ്ഥർ തിരിച്ചുള്ള ചെലവുവിവരം ചുവടെ ചേർക്കുന്നു.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെല വഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 6 | 4865550 | 1890730 | 38.85 |
| വി.ഇ.ഒ | 11 | 9 | 19778500 | 5208500 | 26 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 6 | 4000000 | 3543819 | 88.59 |
| സെക്രട്ടറി | 25 | 19 | 9012368 | 7581668 | 84 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 6 | 6 | 920000 | 915814 | 99.5 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 350000 | 350000 | 100 |
| വെറ്ററിനറി സർജ്ജൻ | 5 | 5 | 2004000 | 1111984 | 55 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 425000 | 425000 | 100 |
| എച്ച്.എം | 8 | 5 | 1465000 | 937328 | 63.98 |
| അസി.സെക്രട്ടറി | 7 | 7 | 3125000 | 2419766 | 77 |

| | | | | | |
|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 120 | 92 | 28026950 | 17183706 | 61 |
| ആകെ | 199 | 158 | 73972368 | 41568315 | 56 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ. ആർ.ഇ.ജി. എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 102155 | 1157983 | 1260138 | 1246295 | 13843 |
| എം.എൻ. ആർ.ഇ.ജി. എസ്-തൊഴിലാളികളുടെ വേതനം | 0 | 16206286 | 16206286 | 16206286 | 0 |
| ആകെ | 102155 | 17364269 | 17466424 | 17452581 | 13843 |

# 1-8 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 94920 | 161 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 3992900 | 343 |
| 3 | വിധവാ പെൻഷൻ | 11670300 | 1047 |
| 4 | വാർദ്ധക്യകാല പെൻഷൻ | 19417600 | 1667 |
| 5 | വികലാംഗ പെൻഷൻ | 2896100 | 319 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 640000 | 80 |

# 1-9 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.2.2019 തിയതിയിൽ 2.25 pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി 3612/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

- പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. രേഖകളുടേയും രജിസ്റ്ററുകളുടേയും സൂക്ഷിപ്പ് മികച്ച രീതിയിൽ ആണ്.
- ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പാക്കി ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനായി നടത്തിയ പരിശ്രമത്തിന്റെ ഫലമായി കാരാകുറുശ്ശി ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ (ISO 9001:2005) നേടുവാൻ സാധിച്ചിട്ടുണ്ട് എന്നത് അഭിനന്ദനാർഹമാണ്.
- പഞ്ചായത്തിന്റെ കൊപ്ര ഡ്രൃയർ പോലെയുള്ള ആസ്തികൾ നിഷ്ക്രീയാസ്തി ആകാതെ ഫലപ്രദമായി വിനിയോഗിച്ച് നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 17.01.2019 – 18.01.2019 | 12/2018 | 18.01.2019 |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.04.2009 മുതൽ 18.04-2009 വരെ | 2004-05 മുതൽ 2008-09 വരെ | 06.05.2009 |

## 1-12 വാർഷിക കണക്കുകകളിലെ അപാകതകൾ

(ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ)

ഒന്നുമില്ല.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽനികുതി പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 (1) , (2) പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസത്തിൽ കുറയാതെ താമസിച്ചുകൊണ്ട് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം

വഹിക്കുന്നതോ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. അപ്രകാരം, കാരാകുറിശ്ശി പഞ്ചായത്ത് പരിധിയിലെ വിവിധ തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിട്ടിരിക്കുന്നവരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുടെ കൃത്യതയും രേഖകളുടെ സൂക്ഷിപ്പും പരിശോധിക്കുവാൻ ഓഡിറ്റ് ലക്ഷ്യമിടുകയും ആയതനുസരിച്ച് ഡിമാൻറ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിക്കുകയും ചെയ്തു. കണ്ടെത്തിയ അപാകതകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. സ്ഥാപന രജിസ്റ്ററിന്റെ സൂക്ഷിപ്പ്

പഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഡിമാന്റ് രജിസ്റ്ററിന്റെ ആദ്യഭാഗത്ത് 31 സ്ഥാപനങ്ങളുടെ പേര് എഴുതി ചേർത്തിട്ടുണ്ട്. പ്രത്യേകം രജിസ്റ്റർ ഇക്കാര്യത്തിനായി സൂക്ഷിക്കേണ്ടതാണെന്ന ഓഡിറ്റ് അന്വേഷണം (നം.3 ,15/02/2019)ന് മറുപടിയായി , ഇൻസിറ്റ്യൂഷൻ രജിസ്റ്റർ പ്രത്യേക രജിസ്റ്ററായി സൂക്ഷിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

2. സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും,സ്ഥാപന തൊഴിൽ നികുതിയും ഡിമാൻറ് ചെയ്ത് ഈടാക്കിയിട്ടില്ല

1.വെളുങ്ങോട്പുല്ലിശ്ശേരിക്ഷീരോദ്പാദകസഹകരണസംഘം.
2.കാരാകുറിശ്ശി ക്ഷീരോദ്പാദകസഹകരണസംഘം.
3.വാഴേമ്പുറം ക്ഷീരോദ്പാദകസഹകരണസംഘം.
4.വിയ്യകുറിശ്ശി ക്ഷീരോദ്പാദകസഹകരണസംഘം .

മേൽ സൂചിപ്പിച്ച സംഘങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും,സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയതിൻെറ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി , വെളുങ്ങോട് പുല്ലിശ്ശേരി ക്ഷീരോദ്പാദകസഹകരണസംഘത്തിൻെറ ലൈസൻസ് ഫീ,തൊഴിൽ നികുതി എന്നിവ 117070103475 നം. രസീതിയായി 19/01/2018 തിയതിയിൽ അടവാക്കിയതായും, സ്ഥാപന തൊഴിൽ നികുതി അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

മേൽ സൂചിപ്പിച്ചിരിക്കുന്ന ക്രമനമ്പർ (2),(3),(4) എന്നീ സ്ഥാപനങ്ങളുടെ ജീവനക്കാരുടെ തൊഴിൽ നികുതിയും,സ്ഥാപന തൊഴിൽ നികുതിയും ഈടാക്കി

ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

3.റേഷൻ കടകളുടെ തൊഴിൽ നികുതി

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റീട്ടെയിൽ റേഷൻ ഡിപ്പോകളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതിൻെറ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി, റേഷൻ ഡിപ്പോകളുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് പഞ്ചായത്ത് വ്യക്തമാക്കിയിട്ടുണ്ട്.

4.കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ 2017-18 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്നവർ കരാറുകൾ ഏറ്റെടുത്തിട്ടുള്ളതായി കാണുന്നു. എന്നാൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1.ബിജു.ജെ.തോമസ്
2.സൈദലവി.വി.കെ
3.രാധാകൃഷ്ണൻ.എം
4.അജിത്പ്രസാദ്.ടി
5.അബ്ദുള്ള.ടി
6.ഹംസ.കെ
7.റജി അബ്രഹാം
8.മുഹമ്മദ് മുസ്തഫ
9.അവരാൻ.കെ
10.അബ്ദുൾനാസർ. ടി. കെ
11.രാമകൃഷ്ണൻ.ടി
12.സുരോജ് .ടി
13.സജികുമാർ.കെ
14.സാദിക്ക് മുഹമ്മദ്
15.സുരേഷ് ബാബു
16.മുഹമ്മദാലി.കെ
17.മുഹമ്മദ് റിയാസുദ്ദീൻ
18.ചന്ദ്രബോസ്.കെ.സി.

ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൻെറ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി, കരാറുകാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കാൻ നടപടികൾ

സ്വീകരിക്കുന്നതാണെന്ന് പഞ്ചായത്ത് വ്യക്തമാക്കിയിട്ടുണ്ട്.

മേൽ സൂചിപ്പിച്ച കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

5.സജ്ന കല്ലടി,എച്ച്.എസി.എ ഫിസിക്കൽ സയൻസ്, ശബരി ഹൈസ്കൂൾ ,പള്ളിക്കുറുപ്പ് എന്ന വ്യക്തിയുടെ ഒന്നാംഅർദ്ധവാർഷിക തൊഴിൽ നികുതി അടവാക്കിയതിൻെറ വിശദാംശങ്ങൾ ലഭ്യമാക്കുക (മേൽ വ്യക്തിയുടെ ഒന്നാംഅർദ്ധവാർഷിക തൊഴിൽ നികുതി അടവാക്കിയതിൻെറ വിശദാംശങ്ങളുടെ കോളത്തിൽ അവൈറ്റിങ് അപ്രൂവൽ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്) എന്ന ഓഡിറ്റ് അന്വേഷണത്തിന് (5/19.2.2019) മറുപടിയായി, മേൽ സൂചിപ്പിക്കപ്പെട്ട വ്യക്തി അപ്രൂവൽ ഇല്ലാതെ ജോലി ചെയ്തുവരാണെന്നും, ടി കാലയളവിൽ ശമ്പളമില്ലാതെയാണ് ജോലി ചെയ്തതെന്നുമാണ് പഞ്ചായത്ത് നല്കിയ മറുപടിയിൽ വ്യക്തമാക്കിയിരിക്കുന്നത്.

മേൽ വ്യക്തിയുടെ ജോലിയ്ക്ക് അപ്രൂവൽ ലഭ്യമായിട്ടുണ്ടെങ്കിൽ , അതിനുശേഷം അർദ്ധവാർഷിക തൊഴിൽ നികുതി അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-2 ഡി&ഒ ലൈസൻസ് രേഖകളുടെ പരിശോധന സംബന്ധിച്ച്

1. പുതുക്കിയ ചട്ടങ്ങൾ അനുസരിച്ചുള്ള നടപടികൾ

31.10.2017 ലെ ജി.ഒ (പി) നം 80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ.നം.674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭേദഗതി ചട്ടം 2017 പ്രകാരം അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ എന്നത് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്. ഭേദഗതിക്കു മുമ്പ്, ചട്ടം 10 ലെ പട്ടിക രണ്ട് പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് വ്യാപാരങ്ങൾക്ക് പരമാവധി ഫീസ് ഈടാക്കിയിരുന്നത്. ഭേദഗതി ചട്ടം അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നീ തട്ടുകളാക്കി

മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഫീസ് ഈടാക്കേണ്ടതാണ്. പുതുക്കിയ ചട്ടങ്ങൾ പ്രകാരം ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ വ്യക്തമാക്കേണ്ടതാണെന്ന ഓഡിറ്റ് അന്വേഷണ( നം.5,19/02/2019) ത്തിന് പഞ്ചായത്ത് നല്കിയ മറുപടി പ്രകാരം പുതുക്കിയ ചട്ടം നടപ്പിലാക്കുന്നതിലേയ്ക്കായി 7.3.2018ൽ ചേർന്ന ധനകാര്യസ്റ്റാൻിംഗ് കമ്മിറ്റി തയ്യാറാക്കിയതും പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതുമായ സ്ലാബ് പ്രകാരമുള്ള നിരക്ക് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും നിലവിൽ ഇതു പ്രകാരം ഫീസ് ഈടാക്കി വരുന്നു.

2. പഞ്ചായത്ത് പരിധിയിലെ റേഷൻ കടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു-തുടർനടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്

1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ (നിലവിൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ) പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻകടകൾക്ക് ഡി&ഒ ലൈസൻസ് ആവശ്യമാണ്. എന്നാൽ റേഷൻ കടകൾക്ക് ഒന്നിനും ഡി & ഓ ലൈസൻസ് എടുത്തിട്ടില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.
റേഷൻ കടകൾക്ക് ലൈസൻസ് അനുവദിക്കാതിരുന്നതിന്റെ കാരണവും, തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും അറിയിക്കേണ്ടതാണ് എന്ന് സൂചിപ്പിച്ചുകൊണ്ട് ഓഡിറ്റ് അന്വേഷണം നല്കിയിരുന്നു. ഇതു കൂടാതെ, പഞ്ചായത്ത് പരിധിയിൽ എത്ര റേഷൻകടകൾ പ്രവർത്തിക്കുന്നുണ്ട് എന്നും അവയുടെ പേരും സ്ഥിതി ചെയ്യുന്ന സ്ഥലത്തിൻെറ അഡ്രസ്സും ലഭ്യമാക്കേണ്ടതാണെന്ന ഓഡിറ്റ് അന്വേഷണത്തിന്(5/19.2.2019) മറുപടിയായി, റേഷൻകടകളുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് സപ്ലൈ ഓഫീസ് മുഖാന്തിരം കത്ത് നല്കിയിട്ടുണ്ടെന്നും, റേഷൻകടകൾക്ക് ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. റേഷൻകടകളുടെ ലൈസൻസ് ഫീ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. 2016 ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങൾ പ്രകാരം പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിയന്ത്രണത്തിനായി സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്

2016 ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങൾ സർക്കുലർ നമ്പർ 516/ഡിസി1/16 തസ്വഭവ തീയതി 24.9.2016 എന്നിവ പ്രകാരം 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിയന്ത്രണത്തിനായി സ്വീകരിക്കേണ്ട നടപടികൾ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ
സ.ഉ (സാധാ)നം. 2511/2017/തസ്വഭവ തിയതി 22-7-2017 പ്രകാരം നിലവിലുള്ളതും പുതുതായി ഡി&ഒ ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതും കൃത്യമായ പരിശോധന നടത്തി ഫലം പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം സ്വീകരിച്ച നടപടികളും, ഉറവിട മാലിന്യം സംസ്കരണത്തിനായി സ്വീകരിച്ച നടപടികളും അറിയിക്കേണ്ടതാണെന്ന ഓഡിറ്റ് അന്വേഷണത്തിന്(5/19.2.2019) മറുപടിയായി , പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിയന്ത്രണത്തിനായി പഞ്ചായത്തിലെ വിവിധ രാഷ്ട്രീയപാർട്ടികളേയും കുടുംബശ്രീ പ്രവർത്തകരേയും വ്യാപാരികളേയും ഉൾപ്പെടുത്തി 22/05/2017ന് കൺവെഷൻ നടത്തുന്നതിനും 1/7/2017 മുതൽ പഞ്ചായത്തിൽ പ്ലാസ്റ്റിക് നിർമ്മാർജനം നടപ്പിലാക്കുന്നതിനും 12/6/17 ലെ 3(7) പ്രകാരം തീരുമാനിച്ചതിൻെറ അടിസ്ഥാനത്തിൽ വിപുലമായ കൺവെൻഷൻ നടത്തി പ്ലാസ്റ്റിക് നിരോധനപ്രഖ്യാപനം നടത്തിയിട്ടുണ്ടെന്നും, തദ്ദേശ സ്വയംഭരണ വകുപ്പിൻെറ 24/09/2016ലെ 576/ഡി.സി1/2016 ത.സ്വ.ഭ.വ. സർക്കുലർ പ്രകാരം 50 മൈക്രോണിൽ കുറഞ്ഞ പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം 12/6/17 ലെ 9 (1) നം. തീരുമാനപ്രകാരം നിരോധിച്ചിട്ടുണ്ടെന്നും , ഇതു സംബന്ധിച്ച് പരിശോധന നടത്തുന്നതിനും നടപടികൾ കൈകൊള്ളുന്നതിനും ഹെൽത്ത് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നും പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് തരം തിരിക്കുന്നതിനുള്ള എം.സി.എഫ് കെട്ടിടത്തിൻെറ പണി പൂർത്തിയായിട്ടുണ്ടെന്നും, 21/02/2019 മുതൽ വീടുകളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് തുടങ്ങുന്നതിന് വി.ഇ.ഒ. നിർവ്വഹണോദ്യോഗസ്ഥനായ പ്രൊജക്റ്റിൻെറ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് നല്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 പെർമിറ്റ് രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

2011ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 11(3) പ്രകാരമുള്ള ഷെഡ്യൂൾ II-ൽ മൊത്തം തറ വിസ്തീർണ്ണത്തെ (ഫ്ലോർ ഏരിയ) അടിസ്ഥാനമാക്കിയാണ് പെർമിറ്റിനുള്ള ഫീസ് നിശ്ചയിക്കേണ്ടത്. തറ വിസ്തീർണ്ണാനുപാതം (F A R) കണക്കാക്കുന്നതിന് ഫ്ലോർ ഏരിയക്ക് പകരം പ്ലിന്ത് ഏരിയ ആണ് അടിസ്ഥാനമാക്കിയിട്ടുള്ളത്. എന്നാൽ സങ്കേതം സോഫ്റ്റ്‌വെയർ പ്രകാരം തയ്യാറാക്കിയിട്ടുള്ള അപേക്ഷകളിൽ പെർമിറ്റ് ഫീ ഈടാക്കുന്നത് പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിലാണെന്ന് പരിശോധനയിൽ കണ്ടെത്തി. ഏതാനും ഉദാഹരണങ്ങൾ താഴെ നല്കുന്നു.

| വ്യക്തിയുടെ പേര് | വാർഡ് നം | പ്ലിന്ത് ഏരിയ (m2) | പ്ലോട്ട് വിസ്തീർണ്ണം (m2) | F.A.R |
|---|---|---|---|---|
| ലിബിൻ തോമസ് | 9 | 294.68 | 1743.04 | 0.16 |
| ചന്ദ്രിക.എ.പി. | 2 | 269.34 | 1375.98 | 0.195 |
| ചന്ദ്രൻ | 2 | 269.71 | 4775.46 | 0.056 |
| മുനീബ് യൂസഫ് | 1 | 234.54 | 445.17 | 0.527 |

സോഫ്റ്റ്‌വെയറിൽ ചട്ടത്തിനനുസൃതമല്ലാതെ പെർമിറ്റ് ഫീസ് കണക്കാക്കി ഈടാക്കുന്നത് ഉന്നതാധികാരികളുടേയും സാങ്കേതിക വിദഗ്ധരുടേയും ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 വസ്തുനികുതി പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട വസ്തുതകൾ

വസ്തുനികുതി പരിശോധനയ്ക്കായി ന്യൂ ബിൽഡിംഗ് രജിസ്റ്റർ, യു.എ. രജിസ്റ്റർ എന്നിവയും സഞ്ചയയിലെ വാർഡ് തിരിച്ചുള്ള വിവരങ്ങളും ഫോറം-6 ഉം പരിശോധിച്ചു. അതിൻപ്രകാരം താഴെപ്പറയുന്ന അപാകതകളാണ്

ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

1. കുടിശ്ശിക പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

2017-2018 വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം താഴെ കൊടുത്തിരിക്കും വിധം വസ്തുനികുതി കുടിശ്ശികയാണുള്ളത്:

റെസിഡെൻഷ്യൽ കെട്ടിടങ്ങൾ

തൻ വർഷ കുടിശ്ശിക- 1,51,334 രൂപ

മുൻ വർഷങ്ങളിലെ കുടിശ്ശിക- 1,04,757 രൂപ

നോൺ റെസിഡെൻഷ്യൽ കെട്ടിടങ്ങൾ

തൻ വർഷ കുടിശ്ശിക - 1,16,292 രൂപ

മുൻ വർഷങ്ങളിലെ കുടിശ്ശിക- 1,80,798 രൂപ

ആകെ കുടിശ്ശിക- 5,53,181 രൂപ

മേൽ കൊടുത്തിരിക്കുന്ന കുടിശ്ശിക ഈടാക്കാൻ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്ന ഓഡിറ്റ് അന്വേഷണ (7, തിയതി-19/02/2019)ത്തിന് മറുപടിയായി , കുടിശ്ശിക നികുതി പിരിച്ചെടുക്കുന്നതിന് വീഴ്ച വരുത്തിയ നികുതിദായകർക്ക് നോട്ടീസ് നല്കി പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും, വലിയ തുക കുടിശ്ശിക വരുത്തിയവരിൽ നിന്ന് നികുതി പിരിച്ചെടുക്കാൻ കഴിയാത്ത പക്ഷം ആർ.ആർ. നടപടി സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. മേൽ കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. മൊബൈൽ ടവറുകളുടെ വസ്തുനികുതി വിശദാംശങ്ങൾ സംബന്ധിച്ച്

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക താഴെക്കൊടുക്കുന്നു.

| വാർഡ് നം/പേര് | ടവറിൻെറ ഉടമ | വസ്തുനികുതി അസസ്സ് ചെയ്തതിൻെറ വിവരം | വസ്തുനികുതി കുടിശ്ശിക |
|---|---|---|---|

| | | | |
|---|---|---|---|
| 12/582 | ഇൻഡസ് ടവേഴ്സ് ലിമി. ,കൊച്ചി | 6615 | 6615 (2018-19) |
| 2/516 | സബ്ഡിവിഷനൽ എഞ്ചിനീയർ, ബി.എസ്.എൻ.എൽ.,പാലക്കാട്. | 3650 | 22998 (2013-14 മുതൽ 2018-19 വരെ) |
| 9/521 | സബ്ഡിവിഷനൽ എഞ്ചിനീയർ, ബി.എസ്.എൻ.എൽ.,പാലക്കാട്. | 3833 | 22998 (2013-14 മുതൽ 2018-19 വരെ) |
| 15/361 | സബ്ഡിവിഷനൽ എഞ്ചിനീയർ, ബി.എസ്.എൻ.എൽ .,പാലക്കാട്. | 3780 | 22680 (2013-14 മുതൽ 2018-19 വരെ) |
| 10/516 | റിലയൻസ് ഇൻഫ്രാടെൽ, കടവന്ത്ര | 3675 | 22050 (2013-14 മുതൽ 2018-19 വരെ) |
| 12/236 | സബ്ഡിവിഷനൽ എഞ്ചിനീയർ, ബി.എസ്.എൻ.എൽ ., പാലക്കാട് | 3780 | 22680 (2013-14 മുതൽ 2018-19 വരെ) |

വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിനായി പഞ്ചായത്ത് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/19.2.2019) കുടിശ്ശിക വരുത്തിയ ബി.എസ്.എൻ.എൽ,റിലയൻസ് എന്നീ കമ്പനികളുടെ ഉടമസ്ഥതയിലുള്ള മൊബൈൽ ടവറുകളുടെ നികുതി ഈടാക്കുന്നതിന് കളക്ടർ മുഖേന ഓൺലൈൻ ആർ.ആർ. നല്കിയിട്ടുണ്ട് എന്നും, 12/582 ഇൻഡസ് ടവേഴ്സ് ലി. ,കൊച്ചി എന്ന സ്ഥാപനത്തിന് 2018-19 സാമ്പത്തികവർഷത്തെ നികുതി കുടിശ്ശിക അടക്കുന്നതിന് ഡിമാൻറ് നോട്ടീസ് അയച്ചിട്ടുണ്ട് എന്നും പഞ്ചായത്ത് മറുപടി നല്കിയിട്ടുണ്ട്. മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

3. സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.

4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

അപ്രകാരം സേവന ഉപനികുതി ചുമത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ് എന്നതിന് മറുപടിയായി ഈ നിർദ്ദേശം പഞ്ചായത്ത് ഭരണസമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതാണെന്ന് അധികൃതർ അറിയിച്ചിട്ടുണ്ട്.

4. സഞ്ചയ പ്യൂരിഫിക്കേഷൻ

സഞ്ചയയിലെ ഡാറ്റയുടെ കൃത്യത പരിശോധിച്ച് പ്യൂരിഫിക്കേഷൻ നടത്തുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണെന്ന ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയായി 97 ശതമാനം പൂർത്തീകരിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് വ്യക്തമാക്കിയിട്ടുണ്ട്.

# 2-5 പഞ്ചായത്ത് വക കൊപ്ര ഡ്രയർ കെട്ടിടം സംബന്ധിച്ച്

ഗ്രാമ പഞ്ചായത്ത് വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തി 2013-14, 2014-15 വർഷങ്ങളിൽ 11,80,000 രൂപ ചെലവഴിച്ച് കൊപ്ര ഡ്രയറിന് നിർമിച്ച കെട്ടിടം, കുടുംബശ്രീ യൂണിറ്റുകളോ, വനിതാ സ്വയംസഹായസംഘങ്ങളോ ഏറ്റെടുത്ത് നടത്താൻ തയ്യാറാകാത്തതിനാൽ കേര ഫെഡിന് കൊപ്ര ഡ്രയർ നടത്തുന്നതിന് പ്രതിമാസം 15000 രൂപ നിരക്കിൽ വാടകക്ക് നൽകിയിരുന്നു. എന്നാൽ പ്രസ്തുത സ്ഥാപനം പ്രവർത്തനം അവസാനിപ്പിക്കുകയും 2016 ഒക്ടോബർ മാസം മുതൽ വാടക ലഭ്യമാകാതാകുകയും ചെയ്തിട്ടുണ്ട്. നാളിത് വരെയും മറ്റ് ഏജൻസികൾക്ക് കെട്ടിടം കൈമാറിയിട്ടില്ല. എം.എൽ.എയുടെ കതിർ പദ്ധതി പ്രകാരം മണ്ഡലത്തിലെ നാളികേര സംഭരണ കേന്ദ്രമായും മൂല്യ വർദ്ധിത ഉൽപന്ന നിർമ്മാണ യൂണിറ്റായും ഈ കെട്ടിടം ഉപയോഗിക്കുന്നതിന് ആലോചിച്ചിട്ടുണ്ട് എന്ന് പഞ്ചായത്ത്, 2016-17 ഓഡിറ്റ് കാലയളവിൽ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയായി നൽകിയിരുന്നു. 2017-18 വർഷത്തിലും ഓഡിറ്റ് കാലയളവിലും ഈ കെട്ടിടം പ്രവർത്തന നിരതമല്ല. തന്മൂലം പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം ഉറപ്പുവരുത്തേണ്ടതിനായി ഈ കെട്ടിടത്തിന്റെ വാടക ലഭ്യമാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുക എന്നും, കെട്ടിടത്തിൻെറ നിലവിലെ സ്ഥിതിയും, ഈ കെട്ടിടം എന്ത് ആവശ്യത്തിനായിട്ടാണ് ഇപ്പോൾ ഉപയോഗിക്കുന്നത് എന്നും വിശദമാക്കുക എന്ന ഓഡിറ്റ് അന്വേഷണത്തിന് (നം.12,തിയതി-20/02/2019) അധികൃതർ മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-6 പഞ്ചായത്ത് പരിധിയിലുള്ള കാനറബാങ്ക് കെട്ടിടത്തിൻെറ വാടക സംബന്ധിച്ച്

26.03.2014 ന് നടന്ന ഭരണസമിതിയുടെ സാധാരണയോഗത്തിലെ 5(1)-ാം നമ്പർ തീരുമാനം പ്രകാരം കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിൽ ഒരു നാഷണൽ ബാങ്കിൻെറ ശാഖയില്ലാത്തതിനാൽ ഗവ.ഹൈസ്കൂളിനോടു ചേർന്ന് എ.ടി.എം. സൗകര്യത്തോടുകൂടി ഒരു ശാഖ തുടങ്ങുന്നതിന് ബന്ധപ്പെട്ട അധികാരികളോട് അപേക്ഷിക്കുന്നതിന് തീരുമാനിക്കുകയും, പഞ്ചായത്ത് ഷോപിംഗ് കോംപ്ലക്സിൻെറ താഴത്തെ നിലയിൽ വാടകയ്ക്ക് നല്കുന്നതിന് സമ്മതമാണെന്ന് അറിയിച്ചുകൊണ്ട് എ4-1293/15 നമ്പർ കത്ത്( തിയതി-22/07/2015) കാരാകുറിശ്ശി പഞ്ചായത്ത് സെക്രട്ടറി, കാനറ ബാങ്ക് മാനേജർക്ക് നല്കുകയും ചെയ്തിട്ടുണ്ട്. ബാങ്കിനു നല്കിയിരിക്കുന്ന കെട്ടിടത്തിൻെറ വാടകനിരക്ക് ഏതു

രീതി മുഖേനയാണ് നിശ്ചയിച്ചിട്ടുള്ളത് എന്നും , പി.ഡബ്ള്യൂ.ഡി. യിൽ നിന്നും ഫിക്സ് ചെയ്തിട്ടാണോ വാടകനിരക്ക് നിശ്ചയിച്ചിട്ടുള്ളത് എന്നും ഓഡിറ്റ് എൻക്വയറി (നം.6,തിയതി-19/02/2019) മുഖേനയുള്ള അന്വേഷണത്തിന് പഞ്ചായത്ത് രേഖാമൂലം മറുപടി ലഭ്യമാക്കിയിട്ടില്ല. പി.ഡബ്ള്യൂ.ഡി. മുഖേനയല്ല വാടകനിരക്ക് നിശ്ചയിച്ചത് എന്ന് പഞ്ചായത്ത് അധികൃതർ വാക്കാൽ മറുപടി തന്നിട്ടുള്ളതാണ്. അതിനാൽ കനറാ ബാങ്കിന്റെ വാടക നിരക്ക് പി.ഡബ്ള്യൂ.ഡി. അധികൃതർ മുഖേന പുനർനിർണ്ണയിക്കാനും അയത് ഈടാക്കാനുമുള്ള നടപടികൾ പഞ്ചായത്ത് അധികൃതർ കൈക്കൊള്ളേണ്ടതാണ്.

## 2-7 ഇ-ടെണ്ടർ ടെണ്ടർ ഫോറങ്ങളുടെ വില

അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള, ഇ-ടെണ്ടർ നടത്തുന്നതിന്റെ ആവശ്യത്തിലേക്കായി തുറന്നിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ (എസ്. ബി. ഐ അക്കൗണ്ട് നം. 37364642260) 11.6.2018 ന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ഉണ്ടായിരുന്ന 2015-16 മുതൽ കാലയളവിലെ ഇ-ടെണ്ടർ ഫോറങ്ങളുടെ വാറ്റുൾപ്പെടെയുള്ള വില 73250/-രൂപ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഇതിൽ 55006/- രൂപ പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് 20.12.18 ന് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. 30.01.2019 ൽ ഈ അക്കൗണ്ടിൽ 18244/- രൂപ ബാക്കിയുണ്ട്. ഈ തുകയിൽ വ്യക്തത വരുത്തി ടെണ്ടർ ഫോറങ്ങളുടെ വിലയായി നാളിതുവരെ ഈടാക്കിയ മറ്റ് തുകകളും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടിയത് അഭിനന്ദനാർഹം

ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പാക്കി ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനായി നടത്തിയ പരിശ്രമത്തിന്റെ ഫലമായി കാരാകുറുശ്ശി

ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുവാൻ സാധിച്ചിട്ടുണ്ട്. ISO 9001:2005 അംഗീകാരം ലഭിക്കുന്ന പാലക്കാട് ജില്ലയിലെ അഞ്ചാമത്തെ ഗ്രാമ പഞ്ചായത്തായി കാരാകുറുശ്ശി ഗ്രാമ പഞ്ചായത്തിന് മാറാൻ കഴിഞ്ഞു എന്നത് അഭിനന്ദനാർഹമാണ്.

സർട്ടിഫിക്കറ്റ്

ISO Certificate Number – TQS/Q-272

Issued on 16.10.2017

valid up to 15.10.2020

പദ്ധതി ചെലവുകൾ

ഐ എസ് ഒ അംഗീകാരത്തിന് തുക വകയിരുത്തൽ എന്ന പദ്ധതിക്ക് 2016-17 ൽ തനത് ഫണ്ട് 200000/- രൂപ അടങ്കലിൽ

അംഗീകാരം ലഭ്യമായി. 2016-17-ൽ പദ്ധതി പ്രകാരം (so42/17)-17 -ൽ 6771/- രൂപയും , 2017-18 -ൽ സ്പിൽ ഓവർ പദ്ധതി (154/18) പ്രകാരം 172799/- രൂപയും ക്രമത്തിൽ ആകെ ചെലവ് 179570/- രൂപ.

ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പാക്കുക വഴി മെച്ചപ്പെട്ട ഓഫീസ് മാനേജ്മെൻും, ഗുണമേന്മയുള്ള സേവനപ്രദാന സംവിധാനവും സാധ്യമാണ്.

1. ഫ്രണ്ട് ഓഫീസ്, മറ്റ് അനുബന്ധ സൗകര്യങ്ങൾ

ഫ്രണ്ട് ഓഫീസ് ആധുനിക വൽക്കരിക്കുകയും പൊതുജനസേവനം മെച്ചപ്പെടുത്തുന്നതിനുള്ള മറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് ബാക്ക് ഓഫീസ് സംവിധാനം നല്ല രീതിയൽ പ്രവർത്തിക്കുന്നുണ്ട്. സൂചിക ബാക്ക് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

2. ഓഫീസ് മാനേജ്മെന്റ്

ഓഫീസ് നവീകരണത്തിനായി ലോകബാങ്ക് സഹായം ഉൾപ്പെടെയുള്ള തുക ചെലവഴിച്ചിട്ടുണ്ട്. ഓഫീസ് മുറിയിൽ ഓരോരുത്തർക്കും ഇരിക്കുവാനുള്ള ക്യാബിൻ നിർമ്മിക്കുകയും ഓരോ ജീവനക്കാരനും കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള

സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

3. റെക്കോർഡ് മുറി ആവശ്യമായ ഷെൽഫുകൾ സഹിതം ക്രമീകരിച്ചിട്ടുണ്ട്.റെക്കോർഡ് മുറിയിൽ നിന്നും രേഖകൾ നൽകുന്നതിൽ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് ഉചിതമായി വിധത്തിലുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. പഴയ രേഖകൾ ബൈൻഡ് ചെയ്ത് ,വിവിധ ഫയലുകൾ ക്രമപ്രകാരം നമ്പറിട്ട് വേർതിരിച്ച് റെക്കോർഡ് മുറിയിൽ സൂക്ഷിക്കുവാൻ സാധിച്ചിട്ടുണ്ട്. നിലവിൽ, ഫയലുകൾ എളുപ്പത്തിൽ തെരഞ്ഞെടുക്കുവാൻ സാധിക്കുന്നുണ്ട്.

5. ഓഡിറ്റ് നിർദ്ദേശങ്ങൾ

ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ 3 വർഷത്തേക്കാണ് ലഭിക്കുന്നത്. ഓരോ മൂന്ന വർഷത്തെ ഇടവേളകളിൽ സർട്ടിഫിക്കറ്റ് പുതുക്കേണ്ടതുണ്ട്. പ്രസ്തുത വേളകളിൽ ക്വാളിറ്റി മാനേജ്മെന്റ് തുടരുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം. അതിനാൽ സേവന മേന്മ ഉറപ്പാക്കുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും നിരന്തര വിലയിരുത്തൽ ഉണ്ടാകേണ്ടതാണ്. ഓരോ വർഷവും സർവെയ്‌ലൻസ് ഓഡിറ്റ് നടത്തി ഗുണനിലവാരം ഉറപ്പാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.



റെക്കോർഡ് റൂം

## 3-2 അനുമതി ലഭ്യമാക്കാതെ ക്ലറിക്കൽ ജോലികൾക്ക് ദിവസവേതനത്തിന് നിയമനം നടത്തി

2017-18 വർഷത്തിൽ ഓഫീസ് ക്ലറിക്കൽ ജോലികൾക്ക് ദിവസവേതനത്തിന് നിയമിച്ച് താഴെ പറയും പ്രകാരം വേതനം നൽകിയിട്ടുണ്ട്.

| വൗച്ചർ | തുക |
|---|---|
| 21700028/4.4.17 | 11475 |
| 21700098/2.5.17 | 8000 |
| 21700149/1.6.17 | 880 |
| 21700234/6.7.17 | 17125 |
| 21700333/1.8.17 | 7600 |
| 21700404/30.8.17 | 9200 |
| 21700732/1.1.18 | 8000 |
| 21700479/3.10.17 | 7200 |
| 21700573/1.11.17 | 9200 |
| 21700668/1.12.17 | 9600 |
| ആകെ | 88280/- |

പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം.14/20.2.2019 ) "പഞ്ചായത്തിലെ നാലു ക്ലാർക്കുമാരിൽ ഒരു സീനിയർ ക്ലാർക്ക് മാതൃത്വാവധിയിലായിരുന്നു. പിന്നീട് 2 തസ്തികകൾ അധികം അനുവദിച്ചിരുന്നെങ്കിലും 2017-18ൽ ഒരു ഘട്ടത്തിലും മുഴുവൻ തസ്തികകളിലും ജീവനക്കാരുണ്ടായിരുന്നില്ല. ഈ സാഹചര്യത്തിലാണ് തദ്ദേശവാസിയായ ഒരു വ്യക്തിയെ ദിവസവേതന വ്യവസ്ഥയിൽ നിയോഗിച്ചത് "എന്നാണ് പഞ്ചായത്ത് മറുപടി .

എന്നിരുന്നാലും ഭരണവകുപ്പ് മുഖേനയുള്ള നടപടിക്രമങ്ങൾ പാലിക്കാതെ പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം നിയമനങ്ങൾ നടത്താവുന്നതല്ല. താത്കാലികാടിസ്ഥാനത്തിൽ ആളെ നിയോഗിക്കുന്നതിനു മുമ്പായി ഉന്നതാധികാരികളുടെ അനുമതി ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 പഞ്ചായത്ത് കെട്ടിടം വാടകക്കു നൽകൽ എഗ്രിമെന്റ് ചെലവ് പഞ്ചായത്ത് വഹിച്ചത് അനുവദനീയമല്ല.

പഞ്ചായത്തിന്റെ 11/623 നമ്പർ കെട്ടിടം കനറാബാങ്കിന് വാടകക്കു നൽകുന്നതിന്റെ ഭാഗമായി എഗ്രിമെന്റ് രജിസ്റ്റർ ചെയ്യുന്നതിന് ആകെ വന്ന ചെലവിന്റെ (45996/- രൂപയുടെ) പകുതി 22998/- രൂപ വൗച്ചർ നം.21700381/21.8.2017പ്രകാരം തനത് ഫണ്ടിൽ നിന്ന് പിൻവലിച്ച് കനറാബാങ്കിന് നൽകിയിട്ടുണ്ട്. ഓഡിറ്റ് അന്വേഷണത്തിന് (നം.14/20.2.2019) മറുപടിയിൽ "എഗ്രിമെന്റ് രജിസ്റ്റർ ചെയ്യുന്നതിന് വന്ന ചെലവിന്റെ പകുതി പഞ്ചായത്ത് വഹിക്കാം എന്ന മുൻധാരണ പ്രകാരമാണ് 22998/- രൂപ നൽകിയത്" എന്നാണ്. വാടകക്കു നൽകുമ്പോൾ എഗ്രിമെന്റ് ചെലവുകൾ വാടകക്കാരാണ് വഹിക്കേണ്ടത് എന്നതിനാൽ മറുപടി അംഗീകരിക്കുന്നില്ല. ആയതിനാൽ ചെലവ് തുക 22998/- രൂപ തനത് ഫണ്ടിൽ തിരികെ അടവാക്കേണ്ടതാണ്.

## 3-4 വിനിയോഗ രേഖകൾ ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പദ്ധതികൾക്ക് ജില്ലാ പഞ്ചായത്തിന് വിഹിതം നൽകിയ പദ്ധതി തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| പദ്ധതി | തുക | ട്രഷറി ബിൽ | വിഹിതം നൽകിയ സ്ഥാപനം |
|---|---|---|---|
| വെള്ളിനഴി ഗ്യാസ് ക്രിമിറ്റോറിയത്തിന് പഞ്ചായത്ത് വിഹിതം (147/180) | 200000 | 14/8.11.17 | ജില്ലാപഞ്ചായത്ത് |

| | | | |
|---|---|---|---|
| ഭിന്നശേഷികാർക്ക് ഉപകരണം(195/18) | 220000 | 12/13.10.2017 | |

# 3-5 തെരുവ് വിളക്കുകളുടെ പരിപാലനം

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ് ആയി 2017-18 സാമ്പത്തിക വർഷം 339754/-രൂപ അടവാക്കിയിട്ടുണ്ട്. തെരുവു വിളക്കുകളുടെ എണ്ണം, തരം എന്നിവയുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. നാളിതുവരെ തെരുവ് വിളക്കുകൾക്ക് മീറ്റർ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഉപയോഗിക്കാത്തതും നിലവിലില്ലാത്തതുമായി വിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് ഒടുക്കേണ്ടിവരുന്നുണ്ട്. തെരുവു വിളക്കുകളുടെ എണ്ണത്തിലെ കൃത്യത, തരം എന്നിവ ഉറപ്പാക്കുവാനായി വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയുംചെയ്തിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ഗ്രാമപഞ്ചായത്തിലെ എല്ലാ തെരുവ് വിളക്കുകൾക്കും മീറ്ററിംഗ് സംവിധാനം ബാധകമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ലാമ്പുകളുടെ എണ്ണം ഉറപ്പാക്കേണ്ടതാണ്.

2. ഊർജ്ജ ഉപഭോഗം കൂടിയ ബൾബുകൾ പൂർണ്ണമായും ഒഴിവാക്കി താരതമ്യേന ഊർജ്ജ ഉപഭോഗം കുറഞ്ഞ എൽ.ഇ.ഡി വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-6 ഡെപ്പോസിറ്റ് തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ പൂർത്തീകരണ വിവരം/ചെലവ് തുകകളുടെ വിനിയോഗ വിവരം ലഭ്യമായിട്ടില്ല.

| പദ്ധതി | ട്രഷറി ബിൽ | തുക | സ്ഥാപനം |
|---|---|---|---|
| കുടിവെള്ളം- പൈപ്പ് ലൈൻ നീട്ടൽ(14/18) | 8//10.8.17 | 2500000 | കേരള വാട്ടർ അതോറിറ്റി |
| വിവധ അങ്കണവാടികൾക്ക് കുടിവെള്ള പദ്ധതി | 11/13.10.17 | 448000 | |
| കുടിവെള്ളം- പൈപ്പ് ലൈൻ നീട്ടൽ-ഒന്നാം ഘട്ടം(206/18) | 19/8.1.18 | 1233000 | |
| കുടിവെള്ളം- പൈപ്പ് ലൈൻ നീട്ടൽ-രണ്ടാം ഘട്ടം(207/18) | 20/8.1.18 | 1270000 | |

പദ്ധതികളുടെ പൂർത്തീകരണം, തുകകളുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 പൊതുടാപ്പുകളുടെ വെള്ളക്കരം

ഗ്രാമപഞ്ചായത്ത് പരിധിയിൽ കേരള ജല അതോറിറ്റിയുടെ കീഴിലുള്ള 24 പൊതു കുടിവെള്ള ടാപ്പുകൾക്ക് പ്രതിമാസം 10500/- രൂപ നിരക്കിൽ 2017-18 വർഷം 126000/- രൂപ വെള്ളക്കരമായി ഗ്രാമപഞ്ചായത്ത് ഒടുക്കിയിട്ടുണ്ട്. ഓരോ പ്രദേശത്തും ഉള്ള ടാപ്പുകളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ജലലഭ്യത ഉറപ്പാക്കിയശേഷം ഘട്ടംഘട്ടമായി പൊതുടാപ്പുകൾ നിർത്തലാക്കുന്നതിന് ശ്രമിക്കേണ്ടതുമാണ്.

## 3-8 ഭാരതപ്പുഴ സംരക്ഷണം പഠനം -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

പ്രൊജക്ട് നമ്പർ -197/18

പ്രൊജക്ട് - ഭാരതപ്പുഴ സംരക്ഷണം പഠനം

അടങ്കൽ -10000

ചെലവ് -10000

ഭാരതപ്പുഴ സംരക്ഷണം-പഠനം എന്ന പ്രൊജക്ട് പ്രകാരം 10000 രൂപ ജില്ലാ പഞ്ചായത്തിലേക്ക് നൽകിയിട്ടുണ്ട് (ബിൽ നമ്പർ -1/27.11.17) ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (8/19.2.19) നൽകിയതിന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഹാജരാക്കാമെന്ന് മറുപടി സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 കൃഷി മേഖലയിലെ പ്രൊജക്ടുകളുടെ അവലോകനം

കാർഷിക മേഖലയിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ, പഞ്ചായത്തിന്റെ കാർഷികമേഖല അഭിവൃദ്ധിപ്പെടുത്തുന്നതിനും കാർഷിക ഉൽപന്നങ്ങളുടെ സ്വയംപര്യപ്തത കൈവരിക്കുന്നതിനും ഉതകുന്ന പ്രൊജക്ടുകൾ ഒന്നും നടപ്പിലാക്കിയതായി കണ്ടില്ല.

1)1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പ് 3ാം പട്ടിക പ്രകാരം കാർഷിക മേഖലയിൽ ഗ്രാമപഞ്ചായത്തിന്റെ പ്രഥമ ചുമതല തരിശുഭൂമികളും പ്രാന്തപ്രദേശങ്ങളും കൃഷി ചെയ്യിപ്പിക്കുകയും ഭൂമിയുടെ പരമാവധി ഉപയോഗം ഉറപ്പുവരുത്തുകയുമാണ്. അതുപ്രകാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ളതും സർക്കാർ കാലാകാലങ്ങളിൽ ഏൽപിച്ചു കൊടുക്കുന്നതുമായ ചുമതലകൾ നിറവേറ്റുന്നതിനു വേണ്ടി ഗ്രാമപഞ്ചായത്ത് പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള തരിശുഭൂമി കൃഷിക്ക് ഉപയുക്തമാക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ നിർദ്ദേശങ്ങളുണ്ടായിട്ടില്ല.

2)കാർഷിക മേഖലയിൽ ഭക്ഷ്യവിളകളുടെ വിളവിസ്തൃതിയും ഉൽപാദന ക്ഷമതയും വർദ്ധിപ്പിക്കുവാൻ അനുയോജ്യമായ പ്രൊജക്ടുകൾക്ക് പ്രാധാന്യം നൽകണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2017-18 ൽ നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ ഭക്ഷ്യവിളകളുടെ വിളവിസ്തൃതിയും ഉൽപാദന ക്ഷമതയും വർദ്ധിപ്പിക്കുവാൻ ഉതകുന്ന തരത്തിലായിരുന്നുവെന്ന് പദ്ധതി അവലോകനം നടത്തി മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

ഒരു നിശ്ചിത കാലയളവിനുള്ളിൽ കാർഷികോൽപന്നങ്ങളുടെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയുമെന്ന ലക്ഷ്യത്തോടെയായിരിക്കണം പ്രൊജക്റ്റുകൾ ആവിഷ്കരിക്കേണ്ടത്. എന്നാൽ പതിവു ശൈലിയിലുള്ള വളംനൽകൽ, വിത്തുനൽകൽ പ്രൊജക്റ്റുകൾ മാത്രമാണ് തൻവർഷവും നടപ്പിലാക്കിയിട്ടുള്ളത്.

പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും ഉണ്ടായിട്ടുള്ള മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിററ് എൻക്വയറിക്ക് (നം.8/19.2.19) കൃഷി ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ വരും വർഷങ്ങളിൽ പ്രൊജക്റ്റുകൾ നിർവ്വഹണം നടത്തുമെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ കാർഷികമേഖല അഭിവൃദ്ധിപ്പെടുത്തുന്നതിനും വിളവിസ്തൃതി വർദ്ധിപ്പിക്കുന്നതിനും കാർഷിക ഉൽപന്നങ്ങളുടെ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ഉതകുന്ന പ്രൊജക്റ്റുകൾ ആവിഷ്കരിക്കേണ്ടതും, പദ്ധതി നിർവ്വഹണത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തി പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-10 പാലിന് സബ്സിഡി നൽകൽ -മുഴുവൻ കാലയളവിലെ തുകയും കർഷകർക്ക് ലഭ്യമായിട്ടില്ല.

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ക്ഷീര സംഘത്തിൽ പാലളക്കുന്ന കർഷകർക്ക് സബ്സിഡി എന്ന പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 199/18 | ക്ഷീര സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | ₹4,25,000 (325000/-വികസന ഫണ്ട് (ജനറൽ) 50000/- ജില്ലാ പഞ്ചായത്ത് വിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 50000/- | 325000/- {(ബിൽ നം.1-2017-18/22-02-2018),<br><br>50000/- (ചെക്ക് നം. 0042404/22.2.2018)<br><br>41901/-(ചെക്ക്നമ്പർ- 0042406/27.3.18)<br><br>8099/-(ചെക്ക് നമ്പർ- 0042404) |

13-ാം പദ്ധതി മാർഗ്ഗരേഖ ഉത്തരവ് സ.ഉ.(എം.എസ്) നം.80/2017 തസ്വഭവ, തീയതി. 03.04.2017പ്രകാരം ഒരു ലിറ്റർ പാലിന് ഡിപ്പാർട്ട്മെന്റ് സബ്സിഡി ഉൾപ്പെടെ പരമാവധി 4രൂപ നിരക്കിൽ ഒരു കർഷകന് നൽകാവുന്നതാണ്. ഈ

കാലയളവിൽ താഴെ പറയുന്ന 4 ക്ഷീരോൽപ്പാദക സംഘങ്ങൾക്കാണ് തുക വിതരണം ചെയ്തിരിക്കുന്നത്.

| ക്രമ നമ്പർ | ക്ഷീരോൽപ്പാദക സഹകരണ സംഘത്തിന്റെ പേര് | നൽകിയ തുക |
|---|---|---|
| 1 | വെളുങ്ങോട് പുല്ലിശ്ശേരി | 51059 |
| 2 | കാരാകുർശ്ശി | 115032 |
| 3 | വാഴേമ്പുറം | 153490 |
| 4 | വിയ്യകുർശ്ശി | 105419 |

2017 ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള കാലയളവിലെ പാലളവിന് മാത്രമാണ് കർഷകന് ആനുകൂല്യം നൽകിയിരിക്കുന്നത്. 5 മാസത്തെ സബ്സിഡി ആനുകൂല്യം നൽകിയിട്ടില്ല.പദ്ധതി നടപ്പിലാക്കിയതിൽ സബ്സിഡി ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകാതെ ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾക്ക് നൽകിയതിനു ശേഷം ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് അവരുടെ അക്കൗണ്ടിലേക്ക് തുക ട്രാൻസഫർ ക്രെഡിറ്റ് ചെയ്യുകയാണ് ചെയ്തിരിക്കുന്നത്. സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം തുക ട്രഷറിയിൽ നിന്നു ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകുകയാണ് ചെയ്യേണ്ടത്.

വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങളിൽ ചർച്ച ചെയ്യുന്ന ബന്ധപ്പെട്ട മേഖലയിലെ അടിസ്ഥാന വിവരങ്ങളും ആവശ്യകതയും തിരിച്ചറിഞ്ഞ് ആവിഷ്കരിക്കുകയും തുക വകയിരുത്തുകയും ചെയ്യുന്ന പദ്ധതികളാണ് അന്തിമപദ്ധതിരേഖയിൽ ഉൾപ്പെടുത്തേണ്ടവ. മൃഗസംരക്ഷണവും ക്ഷീരവികസനവും വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ പ്രസ്തുത പ്രൊജക്റ്റിൽ ഉൾപെടുത്തേണ്ട തുകയെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടില്ല. ഭാവിയിൽ പ്രൊജക്റ്റ് രൂപീകരണ വേളയിൽ ബന്ധപ്പെട്ട മേഖലയിലെ ഗുണഭോക്താക്കളുടെ ആവശ്യകതക്കനുസരിച്ച് തുക വകയിരുത്തുന്നതിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

## 3-11 പൊതുമരാമത്ത് പ്രവൃത്തികൾ ആസൂത്രണവും നിർവ്വഹണവും-പൊതുഅവലോകനം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുവാൻ ലക്ഷ്യമിട്ട് 27 സ്പിൽഓവർ ഉൾപ്പെടെ തൻവർഷം 120 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 92 എണ്ണം മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. വകയിരുത്തിയ 28026950/- രൂപയിൽ 17183706/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. 61.31% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. തൻ വർഷം തനതുഫണ്ടിൽ നിന്ന് 784455/- രൂപ പദ്ധതികൾക്കായി വകയിരുത്തിയെങ്കിലും 126081/- രൂപയേ ചെലവഴിച്ചിട്ടുള്ളൂ. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഫണ്ടിൽ നിന്നും 540000/- രൂപയും കേന്ദ്രാവിഷ്കൃത ഫണ്ടിൽനിന്നും 500000/- രൂപയും സംസ്ഥാനാവിഷ്കൃത ഫണ്ടിൽ നിന്നും 1500000/-രൂപയും വകയിരുത്തിയിരുന്നുവെങ്കിലും ഇത് തൻവർഷം ചെലവഴിച്ചിട്ടില്ല.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് 2017-18 വർഷികപദ്ധതിക്കായി ആകെ 2 പ്രാവശ്യം മാത്രമേ കൂടിയിട്ടുള്ളൂ. 2017-18 വർഷത്തിലെ പദ്ധതി നിർദ്ദേശങ്ങൾ ആസൂത്രണം ചെയ്തത് വാർഡുകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള പ്രൊജക്ട് നിർദ്ദേശങ്ങൾ മുന്നോട്ടു വെച്ചിട്ടാണ്. തൻവർഷത്തെ മറ്റു യോഗങ്ങളിൽ പദ്ധതി നിർവ്വഹണം സംബന്ധിച്ച് ക്രീയാത്മകമായ ചർച്ചകൾ നടത്തിയതായോ മോണിറ്ററിംഗ് നടത്തിയതായോ മിനിറ്റ്സ് പ്രകാരം ഇല്ല.

സൈറ്റിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ യഥാസമയം പരിഹരിക്കപ്പെടാത്തതും പദ്ധതികൾ നീണ്ടുപോകുന്നതിന് കാരണമാകുന്നുണ്ട്. വ്യക്തമായ സ്ഥിതി വിവര കണക്കുകളും റോഡ് കണക്റ്റിവിറ്റി മാപ്പ്, ആസ്തി സംരക്ഷണ പദ്ധതി എന്നിവ അടിസ്ഥാനമാക്കി യഥാർത്ഥ ആവശ്യകതയും നിർവ്വഹണം നടക്കാൻ സാദ്ധ്യതയുള്ളവയും മുൻഗണന നൽകി കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും കൂടുതൽ ശ്രദ്ധ നൽകേണ്ടതാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതിനിർവ്വഹണ പുരോഗതി വിലയിരുത്തിക്കാണുന്നുണ്ടെങ്കിലും മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമാക്കുന്നതിനുള്ള ക്രിയാത്മക ചർച്ചകൾ നടത്തിയതിന്റെയോ നിർദ്ദേശങ്ങളുടേയോ വിലയിരുത്തലുകളുടേയോ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം സ്റ്റാന്റിംഗ് കമ്മിറ്റി നിരീക്ഷിച്ചതായും കാണുന്നില്ല. സ്പിൽ ഓവർ പ്രൊജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തുടർ വർഷങ്ങളിലെ മരാമത്ത് പ്രവർത്തികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പ്

മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ ആവശ്യമായ എല്ലാ രേഖകളും സൂക്ഷിക്കുന്നുണ്ടോ എന്ന് വിലയിരുത്തിയതിന്മേലുള്ള പ്രധാന നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

- ടെണ്ടർ രജിസ്റ്റർ - പേജ് 91 മുതൽ പൂർണ്ണമായി രേഖപ്പെടുത്തലുകൾ ഇല്ല. അംഗീകരിച്ച കരാറുകാരന്റെ വിശദാംശങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല. ടെണ്ടർ അംഗീകരിച്ച തീരുമാനം രേഖപ്പെടുത്തിയിട്ടില്ല.
- എഗ്രിമെന്റ് രജിസ്റ്റർ - കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.
- നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത പ്രവൃത്തികളിൽ എല്ലാത്തിലും Supplementry agreement വെച്ചിട്ടില്ല. പൂർത്തീകരണം വൈകുമ്പോൾ കരാറുകാരോട് /കൺവീനറോട് വിശദീകരണം ആവശ്യപ്പെടുന്നില്ല.
- പ്രവൃത്തികളോടൊപ്പം വെച്ചിട്ടുള്ള എഗ്രിമെന്റിൽ പുതുക്കിയ പൊതുമരാമത്തു മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കാലോചിതമായി പരിഷ്ക്കരിച്ചിട്ടില്ല.
- കരാറുകാർ പ്രവൃത്തികളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റായി അസി.എഞ്ചിനീയറുടെ പേരിൽ പ്ലഡ്ജ് ചെയ്തു നൽകുന്ന Fixed Deposit രശീതികൾ വർക്ക് ഫയലുകളിൽ തന്നെ സൂക്ഷിച്ചിരിക്കുന്നു . അവയുടെ വിവരം സെക്യൂരിറ്റി/വാല്വബിൾസ് രജിസ്റ്ററിൽ രേഖപ്പട്ടുത്തി സേഫ് കസ്റ്റഡിയിൽ സൂക്ഷിക്കേണ്ടതാണ്.
- പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ 31.03.2018 വരെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല.
- കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണത്തിന് പ്രാധാന്യം നൽകുന്നതിനായി പഞ്ചായത്തിൽ മെയിന്റനൻസ് പദ്ധതി

ആവിഷ്കരിച്ചിട്ടില്ല. റോഡ് റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്.

- ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ്കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതാണെന്ന് പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.)72/2017ത.സ്വ.ഭ.വ. തിയതി, 29.3.2017ൽ നിഷ്കർഷിക്കുന്നുണ്ട്.എന്നാൽ പഞ്ചായത്തിൽ റോഡ്കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല. കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവർത്തി നടപ്പിലാക്കുന്നത് ഫണ്ട് വാർഡ് തലത്തിൽ വിഭജിക്കുന്നതിനും പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിനും ഇടയാക്കുന്നു.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്. പദ്ധതി മാർഗ്ഗരേഖ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനാവശ്യമായ ചർച്ചകൾ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിലും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും ഉണ്ടാകേണ്ടതാണ്.

# 3-12 സ്പിൽ ഓവർ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല

2016-17 ലും അതിനു മുൻപും ആരംഭിച്ചതും 2017-18 ൽ സ്പിൽ ഓവറായി അംഗീകാരം വാങ്ങിയിട്ടുള്ള താഴെ പറയുന്ന പ്രവൃത്തികൾ 2017-18 ലും പൂർത്തീകരിച്ചിട്ടില്ല.

| ക്രമനം. | പ്രൊജക്റ്റ് | അടങ്കൽ |
|---|---|---|
| 1. | പഞ്ചായത്ത് പൊതുശ്മശാനം സംരക്ഷണം (ചുറ്റുമതിൽ ) -165/18 | 2000000 |
| 2. | കാരാക്കുറിശ്ശി ആനയ്ക്കാംപറമ്പ് റോഡ് സൈഡ് കെട്ടൽ,164/18 | 200000 |
| 3. | മാങ്ങോട് അങ്കണവാടി ചുറ്റുമതിൽ നിർമ്മാണം,181/18 | 150000 |

13-ാം പദ്ധതി മാർഗ്ഗനിർദ്ദേശമനുസരിച്ച് ഒരു പ്രവൃത്തി സ്പിൽ ഓവർ ആയാൽ അത് സ്പിൽ ഓവർ ആയ വർഷം തന്നെ പൂർത്തീകരിക്കണമെന്നുണ്ട്. ഈ നിർദ്ദേശം പൂർണ്ണമായി പാലിക്കപ്പെട്ടിട്ടില്ല. സ്പിൽ ഓവർ പ്രവൃത്തികൾ അവ സ്പിൽ ഓവർ ആയ വർഷം പൂർത്തീകരിക്കാതിരുന്നത് പദ്ധതി മാർഗ്ഗ

നിർദ്ദേശങ്ങൾക്ക വിരുദ്ധമാണ്. ഈ പ്രൊജക്റ്റ്കളുടെ നിലവിലെ സ്ഥിതി, ഈ പ്രൊജക്റ്റുകൾ 2018-19 വർഷത്തിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടോ, ഇവ ഉപേക്ഷിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ കാരണം എന്നീ വിവരങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/21.02.2019) നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി ക്രമനമ്പർ 1,3 എന്നിവ പൂർത്തീകരിച്ചെങ്കിലും ഫണ്ട് ലഭ്യമാകാത്തതിനാൽ 2018-19 ലാണ് തുക ചെലവഴിച്ചത് എന്നും ക്രമനമ്പർ 2 സ്ഥലം ലഭ്യമാകാത്തതിനാൽ ഉപേക്ഷിച്ചു എന്നുമാണ്.

ഓഡിറ്റ് നിർദ്ദേശം

- പ്രവൃത്തികളുടെ ടെണ്ടർ ക്ഷണിക്കുന്നതിനു മുൻപായി ഭരണസാങ്കേതികാനുമതികൾക്കൊപ്പം ഫണ്ട് ലഭ്യത, തടസ്സമില്ലാത്ത ഭൂമിയുടെ ലഭ്യത എന്നിവ ഉറപ്പുവരുത്തേണ്ടതാണ്.
- പ്രവൃത്തി പ്രദേശത്തുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വാർഡ് മെമ്പർമാർ മുൻകൈ എടുക്കേണ്ടതാണ്.
- പ്രൊജക്റ്റുകളുടെ പ്രവർത്തന കലണ്ടർ അനുസരിച്ച് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
- മറ്റു വകുപ്പുകളിൽ നിന്നും അനുമതി, NOC, ഫീസിബിലിറ്റി മുതലായവ ലഭ്യമാക്കേണ്ട പ്രവൃത്തികളിൽ പ്രൊജക്റ്റ് രൂപീകരിച്ച് സാങ്കേതികാനുമതി ലഭ്യമാക്കുന്നതോടൊപ്പം തന്നെ ആയവ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
- നിർവ്വഹണം നടക്കുമെന്നുറപ്പുള്ള പദ്ധതികൾ മുൻഗണനാക്രമത്തിൽ ആസൂത്രണം ചെയ്ത് അംഗീകാരം വാങ്ങി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

വികസന സ്റ്റാൻഡിംങ് കമ്മിറ്റി പ്രവൃത്തികളുടെ വിവിധ ഘട്ടങ്ങൾ അവലോകനം നടത്തേണ്ടതും പൊതുമരാമത്ത് വർക്കിംങ് ഗ്രൂപ്പ്, നിർവ്വഹണോദ്യോഗസ്ഥൻ എന്നിവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും പ്രവൃത്തി പൂർത്തീകരണത്തെ ബാധിക്കുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിന് ഫലപ്രദമായി ഇടപെടേണ്ടതുമാണ്.

# 3-13 കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ് . പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ 07.10.17 ന് വെച്ച ടെണ്ടറുകളിൽ കരാറുകാരൻ ശ്രീ മുഹമ്മദ് റിയാസുദ്ദീൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/21.02.2018) നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി പ്രകാരം ശ്രീ മുഹമ്മദ് റിയാസുദ്ദീന്റെ അപേക്ഷ പരിഗണിച്ച പഞ്ചായത്ത് ഭരണസമിതിയുടെ നിർദ്ദേശപ്രകാരമാണ് എഗ്രിമെന്റ് വൈകിയതിന് പിഴ ഈടാക്കാതിരുന്നത് എന്നാണ്. ഭരണസമിതിയുടെ 13.11.17 ലെ 1(5) -ാം നമ്പർ തീരുമാനപ്രകാരം മേൽ കരാറുകാരന് അസുഖമായതിനാൽ യഥാസമയം എഗ്രിമെന്റ് വെയ്ക്കാൻ കഴിഞ്ഞില്ലെന്നും ആയതിനാൽ പിഴ ഒഴിവാക്കി 3 ദിവസത്തെ സമയം അനുവദിക്കണമെന്നുള്ള പരിഗണിച്ച് " പിഴയോട്ക്കൂടിയുള്ള എഗ്രിമെന്റ് കാലാവധി 19.11.17 വരെയാണെന്നുള്ള അസി.എഞ്ചിനീയറുടെ റിപ്പോർട്ടുകൂടി പരിഗണിച്ച് പിഴ ഒഴിവാക്കി 14.11.17 വരെ "എഗ്രിമെന്റ് കാലാവധി നീട്ടിക്കൊടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന കാരണങ്ങളാൽ ഈ നടപടി അംഗീകരിക്കത്തക്കതല്ല.

1. കരാറുകാരന്റെ അപേക്ഷയിൽ തീയതി ഇല്ല.

2. അപേക്ഷ പ്രകാരം കരാറുകാരന് അസുഖമായതിനാലാണ് കൂടുതൽ സമയം ആവശ്യപ്പെട്ടിരിക്കുന്നത് . എന്നാൽ ഇതു തെളിയിക്കുന്നതിനാവശ്യമായ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

3. മേൽവിഷയത്തിൽ അസി.എഞ്ചിനീയറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടതു പ്രകാരം നൽകിയ റിപ്പോർട്ട് " 27.10.2017 തീയതിലെ ടി ഓഫീസിൽ നിന്നുള്ള Selection Notice പ്രകാരം ശ്രീ മുഹമ്മദ് റിയാസുദ്ദീൻ എന്ന കരാറുകാരന് പിഴ കൂടാതെ 9.11.2017 തീയതി വരെയും പിഴയോട്ടുകൂടി 19.11.17 വരെയുമാണ് എഗ്രിമെന്റ് കാലാവധി ഈ കാലയളവിൽ ടിയാൻ എഗ്രിമെന്റ് വെച്ചിട്ടില്ല. " എന്നു മാത്രമാണ്. ഇതു പ്രകാരം പിഴ ഒഴിവാക്കുന്നതിന് എ.ഇ. ശുപാർശ ചെയ്തിട്ടില്ല.

മേൽ കരാറുകാരൻ ഒഴികെ ബാക്കിയുള്ളവർ യഥാസമയം എഗ്രിമെന്റ് വെച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ നിയമപ്രകാരമുള്ള കാലയളവിനുള്ളിൽ എഗ്രിമെന്റ് വെയ്ക്കാതെ ഇതിന് വ്യക്തമായ രേഖകളില്ലാതെ പിഴ കൂടാതെ സമയം നീട്ടിനൽകിയതു മൂലം നികുതിയേതര വരവിനത്തിൽ പഞ്ചായത്തിന് 11381/- രൂപയുടെ നഷ്ടം വരാനിടയായിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തി / പി.എ.സി | ടെണ്ടർ അംഗീകരിച്ചത് / സെലക്ഷൻ നോട്ടീസ് | എഗ്രിമെന്റ് തീയതി | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|
| 1. | പൂവത്തുംപറമ്പിൽറോഡ് കോൺക്രീറ്റിംഗ് , 35/18, 99616/- | 20.10.17<br>27.10.17 | 13.11.17 | 1000 |
| 2. | പുല്ലംപാടം കോട്ടക്കുളം റോഡ് കോൺക്രീറ്റിംഗ്,36/18,97636/- | -ടി- | -ടി- | 1000 |
| 3. | വട്ടുതല കിളയിൽ റോഡ് കോൺക്രീറ്റിംഗ്,68/18, 149534/- | -ടി- | -ടി- | 1495 |
| 4. | മട്ടത്തിൽ റോഡ്കോൺക്രീറ്റിംഗ്, 149951/- | -ടി- | -ടി- | 1500 |
| 5. | അമ്പലപ്പടി റോഡ് കോൺക്രീറ്റിംഗ്, 98960/- | -ടി- | -ടി- | 1000 |

| | | | | |
|---|---|---|---|---|
| 6. | വള്ളിപ്പാറ റോഡ് കോൺക്രീറ്റിംഗ്, 99037/- | -ടി- | -ടി- | 1000 |
| 7. | കല്ലടിപ്പുറം മദ്രസ്സ റോഡ് കോൺക്രീറ്റിംഗ്,95/18, 99131/- | -ടി- | -ടി- | 1000 |
| 8. | പള്ളിക്കുറുപ്പ് ബാങ്ക് റോഡ് കോൺക്രീറ്റിംഗ്,107/18, 139790/- | -ടി- | -ടി- | 1398 |
| 9. | പാറോപ്പാടം അങ്കണവാടി റോഡ് കോൺക്രീറ്റിംഗ്, 198848/- | -ടി- | -ടി- | 1988 |
| | ആകെ | | | 11381 |

ഈടാക്കുവാൻ വിട്ടുപോയ ആകെ പിഴ 11381/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്.

## 3-14 കുറഞ്ഞ ടെണ്ടർ സ്വീകരിക്കാതെ നിരസിച്ചതു മൂലം അധികച്ചെലവ്

പ്രൊജക്റ്റ് -കിണറുംപടി കിണർ പുനരുദ്ധാരണം -137/17 (186/18)

അടങ്കൽ -325000/-

കരാറുകാരൻ -സെയ്തലവി

ബിൽ നം. -22/17.7.17- 269245/-

അളവുപുസ്തകം -02/17-18

കിണറുംപടി കിണർ പുനരുദ്ധാരണം പ്രവൃത്തിയുടെ ഫയൽ പരിശോധിക്കുമ്പോൾ 30.3.17 ന നടന്ന ടെണ്ടർ രേഖകൾ പ്രകാരം ലഭ്യമായ 3 ടെണ്ടറുകളിൽ ടെണ്ടർ ഫോമിൽ ഏറ്റവും കുറവു നിരക്കായ 9.33 % below estimate rate ക്വോട്ടു ചെയ്തിട്ടുള്ള ശ്രീ T.ഷംസുദ്ദീൻ എന്ന കരാറുകാരന്റെ ടെണ്ടറാണ്. എന്നാൽ ടെണ്ടർ രജിസ്റ്റർ പ്രകാരം ഈ ടെണ്ടറിൽ " Rate is not quoted in the tender schedule" എന്ന കാരണം രേഖപ്പെടുത്തി നിരസിക്കുകയും അസി.എഞ്ചിനീയറുടെ ശുപാർശ പ്രകാരം അടുത്ത കുറവു

നിരക്കായ 5 % below estimate rate ക്വോട്ടു ചെയ്തിട്ടുള്ള ശ്രീ സെയ്തലവി എന്ന കരാറുകാരന് ടെണ്ടർ ഉറപ്പിച്ചു നൽകി ( 31.3.17 ലെ 1(1) -ാം നം. ഭരണസമിതി തീരുമാനം ) പ്രവൃത്തി ചെയ്യുകയുമാണുണ്ടായത്. എന്നാൽ ടി ടെണ്ടർ രേഖകൾ പ്രകാരം കരാറുകാരൻ ടെണ്ടർ ഫോമിനോടൊപ്പം സമർപ്പിച്ചിട്ടുള്ള ടെണ്ടർ ഷെഡ്യൂളിൽ നിരക്ക് രേഖപ്പെടുത്തിയിട്ടില്ലായിരുന്നുവെങ്കിലും ടെണ്ടർ ഫോമിൽ നിരക്ക് രേഖപ്പെടുത്തേണ്ടിടത്ത് ആയത് വ്യക്തമായി രേഖപ്പെടുത്തിയിരുന്നു. 01.02.2012 ലെ ജി.ഒ(പി) നം. 12/2012/PWD പ്രകാരമുള്ള കേരള പൊതുമരാമത്തു മാന്വലിലെ Clause 2009.2 പ്രകാരം ടെണ്ടറിലെ നിസ്സാര തെറ്റുകൾ ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥന് മാപ്പാക്കാനും അപാകത തിരുത്തിക്കാനും അധികാരമുണ്ട് എന്നിരിക്കെ ഏറ്റവും കുറഞ്ഞ ടെണ്ടർ സ്വീകരിക്കാതെ നിരസിച്ച് അതിൽ കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചതു വഴി പഞ്ചായത്തിന് 12272/- രൂപ അധികച്ചെലവുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫൈനൽ ബില്ല് പ്രകാരം ചെലവ് | 9.33 % below estimate rate ന്റെ ടെണ്ടർ അംഗീകരിച്ചാൽ വരുമായിരുന്ന ചെലവ് |
|---|---|
| ആകെ പ്രവൃത്തിമൂല്യം - 283415.43<br>(-) 5% ടെണ്ടർ വ്യതിയാനം-14170.77<br>പ്രവൃത്തിമൂല്യം - 269245 | ആകെ പ്രവൃത്തിമൂല്യം - 283415.43<br>(-) 9.33% ടെണ്ടർ വ്യതിയാനം-26442.65<br>പ്രവൃത്തിമൂല്യം - 256973 |
| അധികച്ചെലവ് - 269245 – 256973 = 12272/- | |

അധികച്ചെലവ് വന്ന തുക 12272/- രൂപ ഏറ്റവും കുറവു നിരക്ക് നിരസിക്കുന്നതിന് ശുപാർശ ചെയ്ത അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/21.02.2018) നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി കരാറുകാരൻ ടെണ്ടർ ഫോമിനോടൊപ്പം സമർപ്പിച്ചിട്ടുള്ള ടെണ്ടർ ഷെഡ്യൂളിൽ മുഴവൻ വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ലായത്തതിനാലാണ് നിരസിച്ചത് എന്നാണ്. മുകളിൽ സൂചിപ്പിച്ച കാരണങ്ങളാൽ ഈ മറുപടി അംഗീകരിക്കത്തക്കതല്ല.

# 3-15 ഗുണഭോക്തൃസമിതി മുഖേനയുള്ള പ്രവൃത്തി

## പൂർത്തീകരിക്കുന്നതിന് കാലതാമസം

പ്രൊജക്റ്റ് - പാണ്ടിക്കടവ് അംഗൻവാടി പുനരുദ്ധാരണം 106/16, (49/17 , 186/18)

അടങ്കൽ -100000/-

കൺവീനർ -റഹ്മത്ത് , സിജോ ജോസഫ്

ബിൽ നം. - 09/30.06.17, തുക - 77322/-

അളവുപുസ്തകം - 630/15

ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിച്ചിട്ടുള്ള പാണ്ടിക്കടവ് അംഗൻവാടി പുനരുദ്ധാരണം പ്രവൃത്തി 106/16(49/17,162/18) 5.8.15 ന് എഗ്രിമെന്റ് വെച്ച് ആരംഭിച്ചുവെങ്കിലും 31.3.16നകം തീരേണ്ട 100000/-രൂപ മാത്രം അടങ്കലുള്ള ഈ പ്രവൃത്തി പൂർത്തീകരിച്ചത് 25.5.17 ന് മാത്രമാണ്. ആദ്യ കൺവീനർക്ക് പാൻകാർഡ് ലഭിക്കാനുള്ള കാലതാമസം മൂലം പ്രവൃത്തി വൈകി എന്നതിനാൽ പൂർത്തീകരണ കാലയളവ് എ.ഇ. ദീർഘിപ്പിച്ച നൽകിയത് അംഗീകരിക്കത്തക്കതല്ല. മാത്രമല്ല വർക്ക് ഫയൽ പ്രകാരം നിലവിലുള്ള കൺവീനർക്ക് പാൻകാർഡ് ലഭ്യമാകാത്തതിനാൽ പുതിയ കൺവീനറെ മാറ്റിത്തരുന്നതിന് നടപടി സ്വീകരിക്കുന്നതിന് 17.05.2017 ന് മാത്രമാണ് ഗുണഭോക്തൃസമിതി കമ്മിറ്റി കൂടി ആവശ്യപ്പെട്ടിട്ടുള്ളത്. എന്നാൽ ഈ തീയതി വരെ നിർവ്വഹണോദ്യോഗസ്ഥനോ പഞ്ചായത്തോ പൂർത്തീകരണം വൈകിയതിന് ഗുണഭോക്തൃസമിതിയോട് വിശദീകരണം ആവശ്യപ്പെട്ടുകയോ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല . പ്രവൃത്തിയുടെ മസ്റ്റർ റോൾ പ്രകാരം പ്രവൃത്തികൾ നടന്നിട്ടുള്ളത് 4/17, 5/17 മാസങ്ങളിലാണ്. പ്രവൃത്തി പൂർത്തീകരിച്ച് ബിൽ തുക നൽകുമ്പോൾ മാത്രം ബാധകമാവുന്ന പാൻകാർഡ് ലഭ്യമായില്ല എന്ന കാരണം മൂലം പ്രവൃത്തി ആരംഭിക്കാതിരുന്നത് ശരിയായ നടപടിയല്ല. കൂടാതെ ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികളുടെ പണമിടപാടുകൾ സമിതി ചെയർമാന്റെയും കൺവീനറുടെയും പേരിലുള്ള ബാങ്ക് അക്കൗണ്ടിലൂടെയാകണം എന്ന നിർദ്ദേശവും പാലിച്ചിട്ടില്ല. ബാങ്ക് അക്കൗണ്ട് തുടങ്ങിയ രേഖകൾ ഇല്ല.

ഓഡിറ്റ് നിർദ്ദേശം

- പ്രവൃത്തികൾ എഗ്രിമെന്റ് കാലയളവിൽ പൂർത്തീകരിക്കുന്നുണ്ടെന്ന്

നിർവ്വഹണോദ്യോഗസ്ഥനും മോണിറ്ററിംഗ് സമിതിയും യഥാസമയം മോണിറ്റർ ചെയ്ത് ഉറപ്പാക്കേണ്ടതും അല്ലാത്തവയ്ക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

- പ്രവൃത്തി 14 മാസത്തോളം വൈകിയതിന് ഗുണഭോക്തൃസമിതിയിൽ നിന്നും നഷ്ടം ഈടാക്കേണ്ടതായിരുന്നു.
- സർക്കുലർ നം. 1/1559/2010/സി.ഇ./ത.സ്വ.ഭ.വ. തിയതി, 13.11.2014 പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുള്ള ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിക്കുന്നതിന് സമിതികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

  ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/21.02.2018) നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ മേൽപ്പറഞ്ഞ കാരണങ്ങൾ ആവർത്തിക്കുകയല്ലാതെ വ്യക്തമായ വിശദീകരണം ലഭ്യമായില്ല.

## 3-16 പഞ്ചായത്ത് അനക്സ് കെട്ടിടത്തിൽ കോൺഫറൻസ് ഹാൾ നിർമ്മാണം - വൈദ്യുതീകരണത്തിനു തുക വകയിരുത്തിയിട്ടില്ല

അടങ്കൽ- 2950000/-

ബിൽ നം. - 25/23.8.17-999675/- , 27/21.12.17, തുക - 775230/-, 28/ 21.12.17- 383159/-

അളവുപുസ്തകം - 10/17-18, 1/17-18 ,9/17-18

പഞ്ചായത്ത് അനക്സ് കെട്ടിടത്തിൽ കോൺഫറൻസ് ഹാൾ നിർമ്മാണം 168/17(203/18) പ്രവൃത്തിയിൽ (1) എസ്റ്റിമേറ്റിൽ വൈദ്യുതീകരണത്തിനു തുക വകയിരുത്തിയിട്ടില്ല .മേൽ കെട്ടിടം നിലവിൽ വൈദ്യുതീകരിച്ചിട്ടില്ല. 2018-19 ൽ തുക വകയിരുത്തിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. 12-ാം പദ്ധതി, 13-ാം പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം കെട്ടിടനിർമ്മാണത്തിന്റെ ഭാഗമായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് തുടങ്ങിയവ

ആദ്യ എസ്റ്റിമേറ്റിൽ തന്നെ ഉൾപ്പെടുത്തണമെന്നുണ്ട്. ഭാവിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

(2) മുൻ കെട്ടിട ഭാഗങ്ങൾ പൊളിച്ചുമാറ്റിയപ്പോൾ താഴെ സൂചിപ്പിക്കും വിധം ഇനം 1, 2 എന്നിവ പ്രകാരം ലഭ്യമായ വസ്തുക്കൾ അസി. എഞ്ചിനീയർ മൂല്യനിർണ്ണയം നടത്തി രേഖാമൂലം സെക്രട്ടറിക്ക് കൈമാറിയിട്ടുള്ളതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ഉപയോഗയോഗ്യമല്ലാത്ത വസ്തുക്കളുടെ വിവരം അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുമില്ല.

ഇനം 1- Demolishing central concrete – 6.50 m3

ഇനം 2- Demolishing brick work - 17.18 m3

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/21.02.2018) നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ 2018-19 ൽ വൈദ്യുതീകരണത്തിനു തുക വകയിരുത്തിയിട്ടുണ്ടെന്നും പൊളിച്ചുമാറ്റിയപ്പോൾ ലഭ്യമായ വസ്തുക്കൾ സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട് എന്നുമാണ്. എന്നാൽ ഇതിന്റെ രശീതി ഹാജരാക്കുകയുണ്ടായിട്ടില്ല. പ്രവൃത്തികളുടെ ഭാഗമായി ലഭ്യമാകുന്ന ഉപയോഗപ്രദമായ സാധന സാമഗ്രികൾ രേഖാമൂലം സെക്രട്ടറിക്ക് കൈമാറേണ്ടതും സെക്രട്ടറി ഇവ ലേലം ചെയ്ത് തുക പഞ്ചായത്തു ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതുമാണ്.

## **3-17** പാണ്ടിക്കടവ് അങ്കണവാടി റിപ്പയർ എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല

അടങ്കൽ 75000/-

ബിൽ നം. - 20/17.07.17, തുക - 73734/-

അളവുപുസ്തകം - 53/16-17

കരാറുകാരൻ - മുഹമ്മദലി

പ്രവൃത്തി ആരംഭിച്ചത് - 09.02.17

പൂർത്തീകരിക്കേണ്ടത്- 31.3.17

പൂർത്തീകരിച്ചത്- 06.06.17

പാണ്ടിക്കടവ് അങ്കണവാടി റിപ്പയർ (183/18) പ്രവൃത്തി യഥാസമയം എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ലെങ്കിലും സമയ ദീർഘീകരണത്തിന് കരാറുകാരനിൽ നിന്നും നിയമപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല. കരാറുകാരന്റെ കത്തു പ്രകാരം ക്രഷർ സമരം മൂലം സാധന സാമഗ്രികളുടെ ലഭ്യത വൈകിയതിനാൽ പൂർത്തീകരണത്തിന് കൂടുതൽ സമയം ആവശ്യപ്പെട്ടിട്ടുണ്ട്. ഇതു പ്രകാരം അസി.എഞ്ചിനീയർ 30.06.17 വരെ സമയം അനുവദിച്ചു നൽകിയിട്ടുണ്ട്. എന്നാൽ തൻ വർഷം നടന്നിട്ടുള്ള പ്രവൃത്തികളൊന്നും തന്നെ ഇക്കാരണത്താൽ വൈകിയിട്ടില്ല. കൂടാതെ സമയ ദീർഘീകരണത്തിന് കരാറുകാരനിൽ നിന്നും നിയമപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/21.02.2018) നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ നിർവ്വഹണോദ്യോഗസ്ഥരുടെ അഭാവവും നിർമ്മാണസാമഗ്രികളുടെ ലഭ്യതക്കുറവും മൂലമാണ് പൂർത്തീകരണം വൈകിയതിന് പിഴ ഈടാക്കാതിരുന്നത് എന്നാണ്. ഇത് മേൽ സൂചിപ്പിച്ച കാരണങ്ങളാൽ അംഗീകരിക്കത്തക്കതല്ല. പൂർത്തീകരണ സമയ ദീർഘീകരണത്തിന് സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിക്കേണ്ടതും കരാറുകാരനിൽ നിന്നും നിയമപ്രകാരമുള്ള പിഴ ഈടാക്കേണ്ടതുമാണ്.

# **3-18** ഒരേ അങ്കണവാടികളുടെ അറ്റകുറ്റപ്പണികൾക്കായി ഒരേ കാലയളവിൽ ഒന്നിൽക്കൂടുതൽ പ്രൊജക്റ്റുകൾ

താഴെപ്പറയുന്ന അങ്കണവാടികളുടെ അറ്റകുറ്റപ്പണികൾക്കായി ഒരേ കാലയളവിൽ ഒന്നിൽ കൂടുതൽ പ്രൊജക്റ്റുകൾ വെച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കൽച്ചിറ അങ്കണവാടി

| പ്രൊജക്റ്റ് | അടങ്കൽ | ആസൂത്രണ സമിതി അംഗീകരി | ചെയ്യുന്ന ഇനങ്ങൾ | ബിൽ നം./ തീയതി/തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | ച്ചത് | | അളവു പുസ്തകം |
| കൽച്ചിറ അങ്കണവാടി പൂർത്തീകരണം, 50/17(163/18) | 300000/- | 28.12.16 | ഒന്നാം നിലയിൽ ഷീറ്റിടൽ , പെയിന്റ് ചെയ്യൽ | 07/30.06.17-229500<br>3/17-18 |
| കൽച്ചിറ അങ്കണവാടി പുനരുദ്ധാരണം, 56/17(190/18) | 100000 | 28.12.16 | ചുറ്റുമതിൽ, വരാന്ത ഗ്രില്ലിടൽ | ചെക്ക് നം.-1781193/ 15.11.17-3820.<br>1781192/ 15.11.17-<br>71816/ |

ഓഡിറ്റ് നിർദ്ദേശം

മെയിന്റനൻസ് ഫണ്ടും വകയിരുത്താൻ കഴിയുന്ന തനതു ഫണ്ടും ഉപയോഗിച്ച് തദ്ദേശ ഭരണസ്ഥാപനത്തിന്റെ കീഴിൽ വരുന്ന സ്ഥാപനങ്ങൾ സംരക്ഷിച്ച് ഉന്നത നിലവാരത്തിലേക്ക് ഉയർത്തി ഘടകസ്ഥാപനങ്ങൾക്കും ഐഎസ്ഒ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണത്തിന് പ്രാധാന്യം നൽകുന്നതിനായി ആസ്തി സംരക്ഷണ പദ്ധതി ആവിഷ്കരിക്കേണ്ടതാണ്. ഒരു അങ്കണവാടിയുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിന് അത്യാവശ്യമായ മുഴുവൻ ഘടകങ്ങളും ഒരു പ്രൊജക്റ്റിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടപ്പിലാക്കി അനാവശ്യമായ കാലതാമസം ഒഴിവാക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## **3-19** വീട് പുനരുദ്ധാരണം -പണി പൂർത്തീകരിച്ചില്ല – തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

പ്രൊജക്ട് നമ്പർ -98/18

അടങ്കൽ - 4000000

ചെലവ് - 3050000

നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

വീട് പുനരുദ്ധാരണം (എസ്.സി.പി) എന്ന പ്രൊജക്റ്റിന് ആനുകൂല്യം നൽകിയ ശ്രീ. സുഭാഷ് s/o ചന്ദ്രൻ, മഠത്തിൽകുന്ന്, പുല്ലിശ്ശേരി എന്ന വ്യക്തിക്ക് അഡ്വാൻസായി 25000 രൂപ നൽകിയിട്ടുണ്ട്. (ബിൽ നമ്പർ 22/17.3.18) പ്രസ്തുത വ്യക്തി നാളിതു വരെയായിട്ടും പണി പൂർത്തീകരിച്ചിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/20.2.19) 2018-19 ൽ പ്രസ്തുത പ്രൊജക്റ്റ് സ്പിൽ ഓവറാക്കിയിട്ടുണ്ടെന്നും പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. മേൽവിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## **3-20** മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത ഇനത്തിന് സബ്സിഡി നൽകിയത് ക്രമവിരുദ്ധം

2017-18 ൽ വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രൊജക്റ്റുകൾക്ക് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്റ്റ് നമ്പർ | പ്രൊജക്റ്റ് | അടങ്കൽ | ചെലവ് |
|---|---|---|---|
| 24 | വീട് പുനരുദ്ധാരണം (ജനറൽ) | 1680000(വികസന ഫണ്ട്-960000<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ്-720000) | 1125000(വികസന ഫണ്ട്-960000<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ്-165000) |
| 189 | ആശ്രയ ഭവനനിർമ്മാണം (ജനറൽ)-SO | 20000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 20000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| 193 | ആശ്രയ ഭവനനിർമ്മാണം (ജനറൽ)-New | 120000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 120000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| 192 | പി.എം.എ.വൈ പഞ്ചായത്ത് വിഹിതം (ജനറൽ) | 140000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 140000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |

ജി.ഒ (എം.എസ്) നം.72/2017 ത.സ്വ.ഭ.വ തീയ്യതി 29.03.2017 ഖണ്ഡിക 13(8) പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിക്കാൻ പറഞ്ഞിട്ടുള്ള

പ്രോജക്ടുകളിൽ മേൽപ്പറഞ്ഞവ ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഇനത്തിന് സബ്സിഡി നൽകാൻ സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/20.2.18) തൃപ്തികരമായ വിശദീകരണം നൽകിയില്ല. മുൻകൂർ അനുമതി ലഭിച്ച ശേഷമേ പ്രൊജക്ട് നടപ്പാക്കാവൂ എന്നും സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതുമാണ് എന്നും സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഭാവിയിൽ പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 3-21 മരുന്നുകൾ യഥാ സമയം ലഭ്യമാക്കിയിട്ടില്ല

മെഡിക്കൽ ഓഫീസർ അലോപതി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം(പ്രോജക്ട് നം.- 33/18) ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുകൾ വാങ്ങുന്നതിനായി 100,000 രൂപ ഹോംകോ,ആലപ്പുഴ-യ്ക്ക് (പ്രോഫോർമ ഇൻവോയിസ് PF-431/22.8.2017 പ്രകാരമുള്ളത് ) ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്.എന്നാൽ മേൽ സ്ഥാപനത്തിൽ നിന്നും നാളിതുവരെയും മരുന്നുകൾ ലഭ്യമായിട്ടുള്ളതായി പദ്ധതിയുടെ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

കൂടാതെ സാന്ത്വന പരിചരണ പദ്ധതിയിലുൾപ്പെടുത്തി (പ്രോജക്ട് നം.-27/18) പാലിയേറ്റീവ് മരുന്നുകൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് 140000 രൂപ ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്.എന്നാൽ പ്രസ്തുത മരുന്നുകളും ലഭ്യമായിട്ടില്ല.

യഥാ സമയം മരുന്നുകൾ ലഭ്യമാകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് വേളയിൽ നൽകി ഓഡിറ്റ് അന്വേഷണത്തിന് (നം.4) പാലിയേറ്റീവ് മരുന്നുകൾ വന്ന്കൊണ്ടിരിക്കുകയാണ് പ്രളയം മൂലം മരുന്നുകൾക്ക് ക്ഷാമമുണ്ടായി എന്നാണ് സ്റ്റോറിൽ നിന്നും മറുപടി ലഭ്യമായത് എന്നും ,ഹോമിയോ മരുന്നുകൾ രണ്ടാഴ്ച മുമ്പ് ലഭ്യമായിട്ടുണ്ടെന്നും ഹോമിയോ ഡിസ്പെൻസറി പഞ്ചായത്തിന്റെ പുതിയ മുറിയിലേക്ക് മാറ്റുന്നതിന്റെ പണി നടന്ന് കൊണ്ടിരിക്കുന്നതിനാൽ ലഭ്യമായ മരുന്നുകൾ സ്റ്റോക്കിലെടുക്കാനോ വിതരണം ചെയ്യാനോ

സാധ്യമായിട്ടില്ല എന്നാണ് മറുപടി സമർപ്പിച്ചിട്ടുള്ളത് .2017-18 വർഷത്തെ പ്രോജക്ട് പ്രകാരമുള്ള മരുന്നുകൾ 2018-19 സാമ്പത്തിക വർഷാവസാനത്തിനും ലഭ്യമാകാത്തത് ശരിയായ നടപടിയല്ല.

രോഗികൾക്ക് പ്രയോജനപ്പെടും വിധം യഥാ സമയം മരുന്നുകൾ ലഭ്യമാകുന്നതിനും പ്രോജക്ടിന്റെ ഉദ്ദേശപ്രാപ്തി കൈവരിക്കുന്നതിനും യഥാസമയം മരുന്നുകൾ ലഭ്യമാക്കി വിതരണം ചെയ്യാനുള്ള അടിയന്തിരനടപടികൾസ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

## **3-22** ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ പ്രൊജക്ട് നിർവ്വഹണം നടത്തിയത് മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധം

പ്രൊജക്ട് നമ്പർ -101/18

പ്രൊജക്ട് - അംഗൻവാടികൾക്ക് വെയിംഗ് മെഷീൻ വാങ്ങൽ

അടങ്കൽ - 49500

ചെലവ് -49250

ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗൻവാടികൾക്ക് വെയിംഗ് മെഷീൻ എന്ന പ്രൊജക്ട് പ്രകാരം 49250 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊജക്ടിന് 5.1.18 ന് ക്വട്ടേഷൻ വിളിക്കുകയും 18.1.18 ന് ക്വട്ടേഷൻ നടത്തുകയും താഴെ പറയുന്ന 3 പേരിൽ നിന്നും ക്വട്ടേഷൻ ലഭിക്കുകയും ചെയ്തു.

| സ്ഥാപനത്തിന്റെ പേര് | ക്വാട്ട് ചെയ്ത തുക |
|---|---|
| ഗോൾഡ് സ്റ്റാർ ഇൻഡസ്ട്രീസ്, കല്ലടിക്കോട് | 2050 |
| ഗോൾഡൻ സ്റ്റീൽ ഫർണ്ണിച്ചർ വർക്ക്സ്, മണ്ണാർക്കാട് | 1970 |
| ഗ്ലോബൽ ഇന്റീരിയർ വർക്ക്സ് & ട്രേഡേഴ്സ് | 1990 |

ആയതിൽ കുറവ് ക്വാട്ട് ചെയ്ത ഗോൾഡൻ സ്റ്റീൽ ഫർണ്ണിച്ചർ വർക്സ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ സ്വീകരിക്കുകയും തുക അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ

ചെയ്യുകയും ഉപകരണങ്ങൾ അംഗൻവാടികളിലേക്ക് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

ഇൻവോയ്സ് നമ്പർ 67/24.3.18

| ഇനം | എണ്ണം | വില | ആകെ തുക |
|---|---|---|---|
| വെയിംഗ് മെഷീൻ | 25 | 1669.5 | 41738 |
| ടാക്സ് | | | 7512 |
| ആകെ തുക | | | 49250 |

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ-മാർഗരേഖ പ്രകാരം (ജി.ഒ(പി)259/10/08.11.2010) 25000/- മുകളിൽ മതിപ്പ് വിലയുള്ള പർച്ചേസുകൾക്ക് ഓപ്പൺടെൺഡർ അല്ലെങ്കിൽ ലിമിറ്റഡ് ടെൺഡർ -ക്ഷണിക്കേണ്ടതാണ് കുറഞ്ഞത് 8-10 പേരിൽ നിന്നും ടെൺഡർ ക്ഷണിക്കണം,4-6 വരെ ടെൺഡർ ലഭിക്കണം.14 ദിവസത്തെ സമയം നൽകണം. മേൽ വ്യവസ്ഥകൾ പാലിക്കാതെ 3 സ്ഥാപനങ്ങളിൽ നിന്ന് മാത്രം ക്വട്ടേഷൻ സ്വീകരിച്ചാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. നിയമാനുസൃതം പ്രൊക്യുർമെന്റ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങിയതായും കാണുന്നില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/20.2.19) 2017 ഒക്ടോബറിൽ ടെണ്ടർ വിളിച്ചെങ്കിലും ആരും ഇല്ലായിരുന്നുവെന്നും തുടർന്ന് ജനുവരി 2018 ൽ ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചെന്നും ആയത് പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ചെങ്കിലും തീരുമാനം ചേർക്കാൻ വിട്ടുപോയതാമെന്നും മറുപടി സമർപ്പിച്ചിട്ടുണ്ട്. 31.1.18 ൽ ചേർന്ന ഭരണസമിതിയുടെ തീരുമാനം 2(2) പ്രകാരം അംഗീകരിച്ചിട്ടുണ്ടെന്നും മറുപടി സമർപ്പിച്ചിട്ടുണ്ട്. ഭാവിയിൽ വാങ്ങലുകൾ നടത്തുമ്പോൾ മാർഗ്ഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-23 ടി.എച്ച്.ആർ.എസ് ലാബ് റിപ്പോർട്ട് സംബന്ധിച്ച്

കാരാകുർശ്ശി ഗ്രാമ പഞ്ചായത്തിൽ പോഷകാഹാരത്തിന്റെ ഭാഗമായി അങ്കണവാടികൾക്ക് ലഭ്യമാകുന്ന ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകൾ 2017-18 സാമ്പത്തിക വർഷത്തിൽ ചെന്നൈയിൽ സ്ഥിതി ചെയ്യുന്ന ലാബിൽ നിന്നുള്ള ലാബ് റിപ്പോർട്ട് 31.1.18 ന് ലഭ്യമായിട്ടുണ്ട്.

സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 18.12.2010 ലെ ICDS.ബി.3-312/2010 നമ്പർ കത്ത് പ്രകാരം ശിശുവികസന/പ്രോഗ്രാം ഓഫീസർമാർക്ക് ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി തൃപ്തികരമാണെന്നുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.കൂടാതെ സാമ്പിളുകൾ തൃപ്തികരമല്ല എന്നാണ് ലാബ് റിപ്പോർട്ടെങ്കിൽ ഭക്ഷ്യ മിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്ത കുടുമ്പശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും അറിയിച്ചിട്ടുണ്ട്.ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകളുടെ ലാബ് റിപ്പോർട്ട് അനുവദനീയമായ സമയപരിധിയായ ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.ആയതിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുമാണ്.

## 3-24 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് -അർഹമായ മുഴുവൻ തുകയും നൽകേണ്ടതാണ്.

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് എന്ന പ്രൊജക്റ്റിന് (പ്രൊജക്റ്റ് നമ്പർ-22) താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| അടങ്കൽ | ചെലവ് |
|---|---|
| 600000 (പദ്ധതി വിഹിതം-300000.<br>ബ്ലോക്ക് പഞ്ചായത്ത്-200000<br>ജില്ലാ പഞ്ചായത്ത്-100000) | 542600 (പദ്ധതി വിഹിതം-300000)<br>ബ്ലോക്ക് പഞ്ചായത്ത്-200000<br>ജില്ലാ പഞ്ചായത്ത്-42600) |

3-4-17 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 80/17 ത.സ്വ.ഭ.വ. ഉത്തരവിലെ ഖണ്ഡിക 10.3 പ്രകാരം മാനസീക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, യാത്രാബത്ത ഇനത്തിൽ പ്രതിമാസം ആയിരം രൂപ വീതവും വസ്ത്രത്തിനും, പഠന സഹായിക്കും, ഉല്ലാസ യാത്രയ്ക്കും വർഷത്തിൽ യഥാക്രമം 1500, 2000, 1000 രൂപയും സാമ്പത്തിക സഹായം നൽകാമെന്ന്(പരമാവധി 28500) വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ പല വിദ്യാർത്ഥികൾക്കും നിയമാനുസൃത തുക അനുവദിച്ചിട്ടില്ല. (ഉദാ.

ആസിഫ്. കെ (MR) ഫെയ്ത്ത് ഇന്ത്യ സ്കൂളിൽ 4-ാംക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥിക്ക് 7000 രൂപയാണ് നൽകിയത്). ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് എന്ന പ്രൊജക്ടിന് ജില്ലാ പഞ്ചായത്തിൽ നിന്നും 100000 രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും 42600 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. വിദ്യാർത്ഥികൾക്ക് മുഴവൻ തുക നൽകാതിരിക്കുകയും ലഭ്യമായ ജില്ലാ പഞ്ചായത്ത് വിഹിതം മുഴുവൻ ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നത് പദ്ധതി നിർവ്വഹണത്തിൽ വന്ന വീഴ്ചയാണ്. മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ വിഷയം ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ നം./ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 92750 | 7/18 സമഗ്ര നെൽകൃഷി വികസനം | 92750 | 0 |
| | | 200000 | 22/18 ശാരീരീക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | | 50000 | 199/18 ക്ഷീര സംഘത്തിൽ പാലളക്കുന്ന കർഷകർക്ക് സബ്സിഡി | 50000 | 0 |
| ആകെ | | 342750 | | 342750 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 132500 | 7/18<br>സമഗ്ര നെൽകൃഷി വികസനം | 132500 | 0 |
| | | 42600 | 22/18<br>ശാരീരീക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 42600 | 0 |
| | | 80000 | ളുത വാട്ടർഷെഡ് രൂപീകരണം | 0 | 80000 |
| | | 240000 | 149/18<br>എസ്.സി.യുവാക്കൾക്ക് തൊഴിൽ ചെയ്യുന്നതിന് ടൂവീലർ | 193844 | 46156 |
| | | 50000 | 199/18<br>ക്ഷീര സംഘത്തിൽ പാലളക്കുന്ന കർഷകർക്ക് സബ്സിഡി | 50000 | 0 |
| ആകെ | | 545100 | | 418944 | 126156 |

# 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവ ഴിച്ച തുക | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പാർളിക്കാട് റോഡ് കെ.എസ്. ഇ.ബി പോസ്റ്റ് മാറ്റി സ്ഥാപി ക്കൽ | 21701003 | 40000 | 39989 | 11 |
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ളം-പൈപ്പ് ലൈൻ | 21700978 | 2500000 | വിനിയോഗ വിവരം ലഭ്യമാ | വിനിയോഗ വിവരം ലഭ്യമാ |

| | | | | | |
|---|---|---|---|---|---|
| | നീട്ടൽ | | | യിട്ടില്ല. | യിട്ടില്ല. |
| കേരള വാട്ടർ അതോറിറ്റി | വിവിധ അംഗണ വാടി കൾക്ക് കുടിവെള്ള പദ്ധതി | 21701148 | 448000 | വിനിയോഗ വിവരം ലഭ്യമാ യിട്ടില്ല. | വിനി യോഗ വിവരം ലഭ്യമാ യിട്ടില്ല. |
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ളം- പൈപ്പ് ലൈൻ നീട്ടൽ (ഒന്നാം ഘട്ടം) | 21701009 | 1233000 | വിനിയോഗ വിവരം ലഭ്യമാ യിട്ടില്ല. | വിനി യോഗ വിവരം ലഭ്യമാ യിട്ടില്ല. |
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ളം- പൈപ്പ് ലൈൻ നീട്ടൽ (രണ്ടാം ഘട്ടം) | 21701010 | 1270000 | വിനിയോഗ വിവരം ലഭ്യമാ യിട്ടില്ല. | വിനി യോഗ വിവരം ലഭ്യമാ യിട്ടില്ല. |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-4 വായ്പാ/വായ്പാതിരിച്ചടവ്

ഒന്നുമില്ല.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഒന്നുമില്ല.

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2010-11 | ചെലവ് ഭാഗം-3-5 | 16250 | ശ്രീ അബ്ദുൾ നാസർ.കെ<br><br>താഴത്തേകല്ലടി<br><br>കൺവീനർ | 117010100100/10.04.17 |

# 4-7 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2012-13 | 2014-15 | 4.1.6 | നിർമ്മിതി കേന്ദ്രം-മുൻകൂർ കൈപ്പറ്റിയിട്ടും കൃഷി ഭവൻ കെട്ടിടം പൂർത്തീകരിച്ചില്ല-നിഷ്ക്രിയാസ്തിയായി. | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണിച്ചിട്ടുണ്ട്. അന്തിമ തീർപ്പ് ആയിട്ടില്ല. |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 78736782 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 71570366 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 46651 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | 22998.00 | ശ്രീ.മുഹമ്മദ് ഷാഫി.കെ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| 3-13 | | 11381.00 | ശ്രീമതി സീമ.കെ.എസ്, അസി.എഞ്ചിനീയർ |
| 3-14 | | 12272.00 | ശ്രീമതി ശ്രീഷ്മ.എ.പി. , അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.മുഹമ്മദ് ഷാഫി.കെ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി | സെക്രട്ടറി, കാരാകുറിശ്ശി ഗ്രാമപഞ്ചായത്ത് | കരപ്പാത്ത് വീട്, അലനല്ലൂർ (പി.ഒ). പാലക്കാട് |
| ശ്രീമതി.സീമ.കെ.എസ്, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി, ക്ലാപ്പന ഗ്രാമപഞ്ചായത്ത്, കൊല്ലം | ശ്രീനിലയം, കീഴാവൂർ, മുഖത്തല(പി.ഒ), കൊല്ലം. |
| ശ്രീഷ്മ.എ.പി. , അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, പി.ഡബ്ളിയു.ഡി , | അറിവാലൻപറമ്പിൽ വീട് , |

| | | |
|---|---|---|
| | റോഡ്സ് മെയിന്റനൻസ് വിഭാഗം, എറണാകുളം, | സ്റ്റേഡിയം റോഡ് , നോർത്ത് പറവൂർ , എറണാകുളം, 683513. |

# 4-10 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | കത്ത് നം | തീർപ്പാക്കാന വശേഷിക്കുന്ന ഖണ്ഡിക |
|---|---|---|
| 1996-97 | നം. എൽ.എഫ്.പി 9/138/98 തീയതി 15-7-98 | 7 |
| 1997-98 | | |
| 1998-99 | നം. എൽ.എഫ്.പി 9/1033/06 തീയതി 5.09.07 | 2 |
| 1999-2000 | നം. എൽ.എഫ്.പി 9/1034/06/തീയതി 7.08.07 | 8 |
| 2000-01 | നം. എൽ.എഫ്.പി 9/1035/06/തീയതി 7.08.07 | 5 |
| 2001-02 | നം. എൽ.എഫ്.പി 9/1036/06/തീയതി 7.08.17 | 4 |
| 2002-03 | നം. എൽ.എഫ്.പി91037/06/തീയതി 7.08.07 | 6 |
| 2003-04 | നം. എൽ.എഫ്.പി9/1038/06തീയതി 22.10.07 | 7 |
| 2004-05 | നം. എൽ.എഫ്.പി9/121/11 തീയതി 11.07.11 | 2 |
| 2005-06 | നം. എൽ.എഫ്.പി9/122/11 തീ.11.07.11 | 5 |
| 2006-07 | നം. എൽ.എഫ്.പി9/123/11 തീ.11.07.11 | 6 |
| 2007-08 | നം. എൽ.എഫ്.പി 12/1466/13 തീ.1.02.14 | 10 |
| 2008-09, 2009-10, 2010-11 | നം. എൽ.എഫ്.പി 12/1467/13തീ23.10.15 | 16 |
| 2011-12 | നം. എൽ.എഫ്.പി12/637/14തീ.8.05.14 | 7 |
| 2012-13 | നം. എൽ.എഫ്.പി 12/496/15 തീ.26.05.17 | 16 |
| 2013-14, 2014-15 | നം. എൽ.എഫ്.പി12/1438/16 തീ.3.01.18 | 6 |
| 2015-16 | നം. എൽ.എഫ്.പി 12/23/17 തീ.16.05.17 | 16 |

| | | |
|---|---|---|
| 2016-17 | നം. എൽ.എഫ്.പി 12/1531/17 തീ. 24.03.18 | 6 |

ഡെപ്യൂട്ടി ഡയറക്ടർ.

# അനുബന്ധം- 1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)1413/ 2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
2. ആസ്തികൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.
3. വസ്തുനികുതി: സഞ്ചയയിലേയും വാർഷികകണക്കുകളിലേയും തുകകൾ പൊരുത്തപ്പെടുന്നില്ല.
4. ബിൽഡിംഗ് പെർമിറ്റ് ഫീസ്, ബിൽഡിംഗ് റഗുലറൈസേഷൻ ഫീസ്

എന്നിവയുടെ രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ (I-16) പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം- 2

# ABSTRACT OF RECEIPT & PAYMENT STATEMENT,INCOME & EXPENDITURE STATEMENT & BALANCE SHEET

| RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 16652190.00 |
| Cash | Cash | RP-40(a) | 4551100 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 879950.00 |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 390128.00 |
| 150000000 | Sale & Hire Charges | RP-5 | 173613.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 51542310.00 |
| 171000000 | Interest Earned | RP-9 | 186851.00 |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 4659600.00 |
| 350000000 | Other Liabilities | RP-36 | 139557.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 16258.00 |
| 311000000 | Earmarked Funds | RP-29 | 6000.00 |
| 340000000 | Deposits Received | RP-34 | 597903.00 |
| 350000000 | Other Liabilities | RP-36 | 311443.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3102816.00 |
| 460000000 | Loans, Advances and Deposits | RP-47 | 32652.00 |
| | Grand total | | 78736782.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2910513.00 |
| 220000000 | Administrative Expenses | RP-12 | 889307.00 |
| 230000000 | Operations & Maintenance | RP-13 | 1418310.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 3553152.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 12021490.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 4169767.00 |
| 253000000 | Decentralised Plan Programme-Projects not included in | RP-18 | 1052320.00 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 719200.00 |
| | | | |
| Page No : 1 | | | |
| | | | |
| Schemes | | | |
| | | | |
| 255000000 | Maintenance Projects | RP-20 | 9218414.00 |

| | | | |
|---|---|---|---|
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 500000.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 81500.00 |
| 280000000 | Prior Period item | RP-26 | -729872.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1233625.00 |
| 350000000 | Other Liabilities | RP-36 | 3616518.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 3341.00 |
| 280000000 | Prior Period Item | RP-26 | -19860.00 |
| 340000000 | Deposits Received | RP-34 | 360268.00 |
| 350000000 | Other Liabilities | RP-36 | 1455274.00 |
| 410000000 | Fixed Assets | RP-38 | 8769042.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 13958577.00 |
| 460000000 | Loans, Advances and Deposits | RP-47 | 6389480.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 7067128.00 |
| Cash | Cash | RP-40(b) | 99288.00 |
| | Grand Total | | 78736782.00 |

| INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| 1-or the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 3286084.00 |
| 130000000 | Rental Income from Panchayat / Municipal Properties | 1-3 | 400801.00 |
| 140000000 | Fee & User Charges | I-4(b) | 418488.00 |
| 150000000 | Sale & Hire Charges | I-5(b) | 173613.00 |
| 160000000 | Revenue Grants, Funds, Contributions | 1-6 | 94156219.00 |

| | | | |
|---|---|---|---|
| | & Compensations / | | |
| | Subsidies | | |
| 171000000 | Interest Earned | 1-8 | 185131.00 |
| 180000000 | Other Income | 1-9 | 19673.00 |
| | Total Income | | 98640009.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 7892575.00 |
| 220000000 | Administrative Expenses | I-11(b) | 937166.00 |
| 230000000 | Operations & Maintenance | I-12(b) | 1511514.00 |
| 240000000 | Interest & Finance Charges | I-13 | 3341.00 |
| 250000000 | Decentralised Plan Programme- Productive Sector / | I-14 | 7945350.00 |
| | Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 25752925.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | I-14(b) | 2822324.00 |
| 253000000 | Decentralised Plan Programme-Projects not included in | I-14(c) | 1052320.00 |
| | Sector Division | | |
| 254000000 | Expenditures of Transfered Institutions and State Sponsored | I-14(d) | 39336100.00 |
| | Schemes (not included under Decentralized Plan Programme) | | |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | I-14(e) | 9218414.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | 1-15(a) | 50100.00 |
| 260000000 | Grants, Contributions & Compensation from Own Fund / | 1-15 | 81500.00 |
| | Subsidies | | |
| | Total Expenditure | | 96603629.00 |
| | Gross Surplus/ Deficit of income over Expenditure | | 2036380.00 |
| 280000000 | Prior Period Item | I-18 | -753846.00 |
| | | Gross Surplus/Deficit of Income over Expenditure after prior period items. | 2790226.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

BALANCE SHEET

For the period from 01-April-2017 to 31-March-2018

| • | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 21241790.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or | B-2 | 21061.00 |
| | Agency Fund | | |
| 312000000 | Reserves | B-3 | 5355432600 |

| | | | |
|---|---|---|---|
| | Total Reserve & Surplus | | 74817177.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 1516707.00 |
| | Total Grants, Contributions for Specific Purposes | | 1516707.00 |
| Loans | | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 592828.00 |
| 350000000 | Other Liabilities | B-9 | 154958.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 747786.00 |
| | TOTAL LIABILITIES | | 77081670.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 49686278.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 49686278.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 14513067.00 |

| | | | |
|---|---|---|---|
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 450000000 | Cash and Bank Balance | B-17 | 7166416.00 |
| 460000000 | Loand, Advances and Deposits | B-18 | 5715909.00 |
| | Total Current Assets, Loans and Advances | | 27395392.00 |
| | Total Current Assets, Loans and Advances | | 0.0 |
| | | | |
| Page No : 1 | | | |
| | | | |
| Other Assets | | | |
| | | | |
| Nliseellaneous Expenditure (To the Extent not written off) | | | |
| | | | |
| TOTAL ASSETS | 77081670.00 | | |

ഡെപ്യൂട്ടി ഡയറക്ടർ.